# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 3973** **21.06.2019-ൽ മറുപടിയ്ക്ക്**

## സെക്രട്ടേറിയേറ്റ് സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

**ചോദ്യം** **മറുപടി**

**ശ്രീ.പി.സി. ജോർജ്**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഗവൺമെന്റ് സെക്രട്ടേറിയേറ്റ് സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ബൈലോയുടെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | സംഘത്തിന്റെ ബൈലോയുടെ പകർപ്പും ഭേദഗതികളുടെ പകർപ്പും അനുബന്ധം I, II, III, IV ആയി ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | പ്രസ്തുത സൊസൈറ്റിയിലെ നിലവിലെ ഭരണസമിതി (2014-19) അംഗങ്ങൾ ആരൊക്കെയെന്ന് വ്യക്തമാക്കാമോ; | (ബി) | ഗവൺമെന്റ് സെക്രട്ടേറിയേറ്റ് സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ നിലവിലെ ഭരണ സമിതി അംഗങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. (അനുബന്ധം -V) |
| (സി) | 2014-19 കാലഘട്ടത്തിലേക്ക് നടന്ന സൊസൈറ്റി തിരഞ്ഞെടുപ്പിൽ എത്ര ജീവനക്കാർ മത്സരിച്ചിരുന്നു; ഇവർക്ക് ഓരോരുത്തർക്കും ലഭിച്ച വോട്ടിന്റെ കണക്കുകൾ ലഭ്യമാക്കുമോ; | (സി) | 2014-19 കാലഘട്ടത്തിലേയ്ക്ക് നടന്ന സൊസൈറ്റി തിരഞ്ഞെടുപ്പിൽ 26 ജീവനക്കാർ മത്സരിച്ചിരുന്നു. ഇവർക്ക് ഓരോരുത്തർക്കും ലഭിച്ച വോട്ടിന്റെ കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. (അനുബന്ധം -VI) |
| (ഡി) | 2019 ജൂൺ മാസം സൊസൈറ്റിയിലേക്ക് നടക്കുന്ന തിരഞ്ഞെടുപ്പിൽ വോട്ടേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട എത്ര അംഗങ്ങളുണ്ടെന്ന് വിശദമാക്കാമോ? | (ഡി) | 2019 ജൂൺ മാസം സൊസൈറ്റിയിലേയ്ക്ക് നടക്കുന്ന തിരഞ്ഞെടുപ്പിൽ വോട്ടേഴ്സ് ലിസ്റ്റിൽ 6449 അംഗങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

Annexure I

# ഗവൺമെന്റ് സെക്രട്ടേറിയറ്റ് സ്റ്റാഫ് സഹകരണ സംഘം ക്ലിപ്തം നമ്പർ 2620

## തിരുവനന്തപുരം

Phone : ഹെഡ് ഓഫീസ് : 2518690 / 2518499
ബ്രാഞ്ച് : 2512463

# നിയമാവലി

2014
([illegible] വരെയുള്ള ഭേദഗതികൾ ഉൾപ്പെടെ)

# ഗവൺമെന്റ് സെക്രട്ടേറിയറ്റ് സ്റ്റാഫ്
# സഹകരണ സംഘം ക്ലിപ്തം നമ്പർ 2620

# നിയമാവലി

**(2010 വരെയുള്ള ഭേദഗതികൾ ഉൾപ്പെടുത്തിയത്)**

## പേരും മേൽവിലാസവും

1. ഈ സംഘത്തിന്റെ പേര് "ഗവൺമെന്റ് സെക്രട്ടേറിയറ്റ് സ്റ്റാഫ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ : 2620" എന്നായിരിക്കുന്നതാണ്. ഇത് 1950-ലെ 10-ാം നമ്പർ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സഹകരണ സംഘം ആകുന്നു. ഇതിന്റെ പ്രവർത്തനം തിരുവനന്തപുരം നഗരത്തിലുള്ള വഞ്ചിയൂർ പകുതി, വഞ്ചിയൂർക്കര എന്നിവിടങ്ങളിൽ മുഴുവൻ വ്യാപിക്കുന്നതാകുന്നു. സംഘത്തിന്റെ രജിസ്റ്റർ ചെയ്ത ആഫീസ് തിരുവനന്തപുരത്തായിരിക്കുന്നതും, അതിന്റെ മേൽവിലാസം ഗവൺമെന്റ് സെക്രട്ടേറിയറ്റ് സ്റ്റാഫ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ : 2620, തിരുവനന്തപുരം-695 001 എന്നായിരിക്കുന്നതുമാകുന്നു. സംഘത്തിന്റെ ബ്രാഞ്ച് ആഫീസ് തിരുവനന്തപുരം നഗരത്തിൽ പാളയത്തുള്ള നിയമസഭാമന്ദിരത്തിൽ പ്രവർത്തിക്കുന്നതുമാകുന്നു.

(2000-ൽ അംഗീകരിച്ചത്)

## ഉദ്ദേശങ്ങൾ

2. സംഘത്തിന്റെ ഉദ്ദേശങ്ങൾ താഴെ പറയുന്നവയായിരിക്കും.

(എ) അംഗങ്ങളുടെ ഇടയിൽ മിതവ്യയശീലവും സ്വാശ്രയശീലവും വളർത്തുക.

(ബി) അത്യാവശ്യസാധനങ്ങൾ മൊത്തമായോ ചില്ലറയായോ വാങ്ങി സംഘാംഗങ്ങൾക്കായി വില്പന നടത്തുക, അംഗങ്ങളുടെ പൊതു നന്മയ്ക്കുവേണ്ടി അതുപോലെ പൊതു വാണിജ്യ പ്രവർത്തനങ്ങൾ നടത്തുക, സഹകരണ തത്വങ്ങളെയോ മറ്റേതെങ്കിലും സമ്പ്രദായങ്ങളെയോ അടിസ്ഥാനമാക്കി അംഗങ്ങളുടെ പൊതുയോഗം അതാതവസരത്തിൽ നിശ്ചയിക്കുന്ന പ്രകാരമുള്ള ഏതെങ്കിലും പ്രവർത്തനമോ, തൊഴിലോ രജിസ്ട്രാരുടെ അനുമതിയോടുകൂടി സ്ഥാപിച്ചു നടത്തുക.

(സി) സഹകരണ തത്വങ്ങളെക്കുറിച്ചുള്ള വിജ്ഞാനം പ്രചരിപ്പിക്കുക.

(ഡി) അംഗങ്ങൾക്കു വായ്പ നൽകുന്നതിനുവേണ്ടി അംഗങ്ങളിൽ നിന്നോ, മറ്റുള്ളവരിൽ നിന്നോ പണം സ്വീകരിക്കുക.

(ഇ) പ്രൊവിഷൻ, സ്റ്റേഷനറി, ടെക്സ്റ്റൈൽ സ്റ്റോറുകൾ, ക്യാന്റീൻ, പെട്രോൾ പമ്പ്, ഗ്യാസ് ഏജൻസി, ബസ് സർവ്വീസ്, പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആധുനിക രോഗ നിർണയ ക്ലിനിക്കുകൾ മുതലായവ രജിസ്ട്രാറുടെ അനുമതിയോടു കൂടി സ്ഥാപിച്ച് നടത്തുക.

No.O/3983/08 (2008ൽ അംഗീകരിച്ചത്)

(എഫ്) സംഘാംഗങ്ങളുടെ കുട്ടികളിൽ വിദ്യാഭ്യാസം, കല, കായികരംഗം എന്നീ തുറകളിൽ മികച്ചവർക്ക് മെറിറ്റ് അവാർഡുകൾ, എയിഡ് സ്കോളർഷിപ്പുകൾ മുതലായവ നൽകുക, പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നതിന് പ്രത്യേക വായ്പ നൽകുക, മേൽപ്പറഞ്ഞ ഉദ്ദേശങ്ങൾ സംസിദ്ധമാക്കുന്നതോ അവയ്ക്ക് ഉപോൽ ബലകമോ ആയ എല്ലാ കാര്യങ്ങളും ചെയ്യുക.

(1988–ൽ അംഗീകരിച്ചത്)

(ജി) അംഗങ്ങൾക്ക് ഗാർഹികോപകരണങ്ങൾ, വാഹനങ്ങൾ മുതലായവ വാങ്ങുന്നതിന് സൗകര്യമായ രീതിയിൽ ഇൻസ്റ്റാൾമെന്റ് സ്കീം ആരംഭിക്കുക.

(എച്ച്) സംഘാംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വേണ്ടി വിനോദത്തിനും വിജ്ഞാനത്തിനും ഉതകുന്ന സഞ്ചാര പരിപാടികൾ സംഘടിപ്പിക്കുക.

(ഐ) മുകളിൽപറഞ്ഞ വായ്പകൾക്കു പുറമേ ബിരുദനിലവാരത്തിലുള്ള പ്രൊഫഷണൽ കോഴ്സുകളിൽ കുട്ടികളെ പഠിപ്പിക്കുന്നതിന് സംഘാംഗങ്ങൾക്ക് പ്രത്യേക വായ്പയായി പരമാവധി ഒരു ലക്ഷം രൂപാ വരെ അനുവദിക്കാവുന്നതാണ്.

i) ഈ വായ്പ തിരിച്ചടയ്ക്കേണ്ട പരമാവധി കാലാവധി 60 മാസമായിരിക്കും.

(2000–ൽ അംഗീകരിച്ചത്)

ii) ക്യാഷ് ലോണിന് ഈടാക്കിവരുന്ന പലിശനിരക്ക് ഈ വായ്പയ്ക്കും ബാധകമായിരിക്കും.

iii) അംഗീകൃത സർവകലാശാലകളിൽ ബിരുദ നിലവാരത്തിലുള്ള പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ മാതാപിതാക്കളായ സംഘാംഗങ്ങൾക്ക് മാത്രമേ ഈ വായ്പയ്ക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

(1990–ൽ അംഗീകരിച്ചത്)

(ജെ) സ്വർണ്ണ ഉരുപ്പടികളുടെ ഉറപ്പിൻമേൽ വായ്പ നൽകുക.

(കെ) പ്രതിമാസ നിക്ഷേപ പദ്ധതി ആരംഭിക്കുക.

(2000-ൽ അംഗീകരിച്ചത്)

3. അംഗങ്ങളുടെ ബാദ്ധ്യത അവരുടെ ഓഹരിക്ക് തുല്യമായി ക്ലിപ്ത പ്പെടുത്തിയിരിക്കുന്നു.

## മൂലധനവും ഓഹരികളും

4. സംഘത്തിന്റെ മൂലധനം ഓഹരി ഒന്നിന് 10 രൂപാ വീതം 30 ലക്ഷം ഓഹരികളുടെ മൂല്യമായ മൂന്നുകോടി രൂപ ആയിരിക്കും. ഓരോ ഓഹരി യുടെയും വില ഓഹരിക്കുള്ള അപേക്ഷയോടുകൂടി ഒന്നായി അടച്ചിരി ക്കേണ്ടതാണ്.

(2002-ൽ അംഗീകരിച്ചത്)

5. ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഏതൊരുദ്യോഗസ്ഥനും അയാൾ ഏതെങ്കിലും കരാറിൽ ഏർപ്പെടുവാൻ യോഗ്യനായിരിക്കുന്ന പക്ഷം ഭര ണസമിതി നിശ്ചയമനുസരിച്ച് സംഘത്തിന്റെ അംഗമാകാവുന്നതാണ്. എന്നാൽ ഒരു അവകാശം എന്ന നിലയിൽ അംഗത്വം സമ്പാദിക്കുവാൻ യാതൊരാൾക്കും അധികാരമുണ്ടായിരിക്കുന്നതല്ല.

(എ) സെക്രട്ടേറിയറ്റിൽ നിന്നും പെൻഷൻ പറ്റി പിരിഞ്ഞുപോകുന്ന സംഘാംഗങ്ങൾക്ക് അംഗത്വം നഷ്ടമാകുമെങ്കിലും മാനേജിംഗ് കമ്മിറ്റി യുടെ തീരുമാനത്തിന് വിധേയമായി സംഘത്തിൽ നോമിനൽ അംഗമാ കാവുന്നതാണ്.നോമിനൽ അംഗം (ബി ക്ലാസ് അംഗം) ആകുന്നതിന് 5 രൂപ (അഞ്ച് രൂപ) യുടെ ബി ക്ലാസ് ഓഹരി എടുക്കേണ്ടതാണ്. നോമിനൽ അംഗത്തിന് സംഘത്തിൽ സ്വർണ്ണ പണയം വയ്ക്കുക, ചിട്ടിയിൽ ചേരുക, സ്ഥിരാംഗങ്ങളോടു ചേർന്ന് പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുക, വിവിധയിനം നിക്ഷേപങ്ങളിൽ ചേരുക എന്നീ അവകാശങ്ങളല്ലാതെ വോട്ടവകാശ മുൾപ്പെടെ സ്ഥിരാംഗത്തിന് അർഹതപ്പെട്ട അവകാശാധികാരങ്ങളൊന്നും തന്നെ ഉണ്ടായിരിക്കുന്നതല്ല.

(2002-ൽ അംഗീകരിച്ചത്)

(ബി) തിരുവനന്തപുരം ജില്ലയിൽ സ്ഥിരതാമസക്കാരായിട്ടുള്ള ഏതൊരാളിനും സംഘത്തിൽ 'സി' ക്ലാസ്സ് അംഗം ആകാവുന്നതാണ്. 'സി' ക്ലാസ് ഓഹരി വില അഞ്ച് രൂപയായിരിക്കും. 'സി' ക്ലാസ് അംഗത്തിന് ചിട്ടി / എം.ഡി.എസ്സിൽ ചേരുക, വിവിധയിനം നിക്ഷേപങ്ങളിൽ ചേരുക എന്നീ അവകാശങ്ങളല്ലാതെ വോട്ടവകാശമുൾപ്പെടെ സ്ഥിരാംഗത്തിന് അർ ഹതപ്പെട്ട അവകാശാധികാരങ്ങളൊന്നും തന്നെ ഉണ്ടായിരിക്കുന്നതല്ല.

(2010-ൽ അംഗീകരിച്ചത്)

No.O/6074/2010

6. അംഗമായി പ്രവേശനം ലഭിക്കുന്നതിനുള്ള അപേക്ഷകൾ തൽക്കാര്യത്തിനായി നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഫാറത്തിൽ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതും അവ ഭരണസമിതിക്ക് മുൻപാകെ വയ്ക്കുന്നതുമാണ്. കമ്മിറ്റിക്കു അപേക്ഷകൾ അനുവദിക്കുകയോ, കാരണം പറയാതെ നിരാകരിക്കുകയോ ചെയ്യാവുന്നതാണ്. എന്നാൽ ആർക്കെങ്കിലും അംഗത്വം നിഷേധിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അയാൾക്ക് അതിൻമേൽ രജിസ്ട്രാർക്ക് അപ്പീൽ ബോധിപ്പിക്കാവുന്നതും, രജിസ്ട്രാർ നിർദ്ദേശിക്കുന്ന പക്ഷം നിശ്ചിത ഓഹരിയെടുത്ത് പണമടയ്ക്കുന്ന മുറയ്ക്ക് അയാളെ കൂടി സംഘത്തിൽ അംഗമായി ചേർക്കേണ്ടതുമാകുന്നു.

7. (എ) ഒരംഗം 2000 ഓഹരികളിൽ കൂടുതൽ എടുക്കാൻ പാടില്ലാത്തതാകുന്നു. മറ്റൊരു സഹകരണ സംഘത്തിനോ ഗവൺമെന്റിനോ നൽകുന്ന ഓഹരികൾക്ക് മേൽപ്പറഞ്ഞ പരിധി ബാധകമായിരിക്കുന്നതല്ല. ക്രമനമ്പർ വ്യക്തമായി കാണിക്കുന്ന ഓഹരി സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്.

No.O/6074/2010 (2010-ൽ അംഗീകരിച്ചത്)

(ബി) സംഘത്തിൽ അംഗമാകാൻ ഒരു രൂപ പ്രവേശന ഫീസ് നൽകേണ്ടതാണ്. കൂടുതലായി എടുക്കുന്ന ഓഹരികൾക്ക് പ്രവേശനഫീസ് നൽകേണ്ടതില്ല.

(1979-ൽ അംഗീകരിച്ചത്)

8. (എ) യാതൊരംഗവും അയാൾ എടുത്തിട്ടുള്ള ഓഹരികളെ മൂന്നു കൊല്ലത്തിനുള്ളിൽ പിൻവലിക്കാൻ പാടില്ല. മേൽപ്പറഞ്ഞ കാലയളവിനു ശേഷം ഒരംഗത്തിന് കമ്മിറ്റിയുടെ അനുമതിയോടുകൂടി താഴെ പറയുന്ന ഉപാധികൾക്കു വിധേയമായി ഓഹരി വില മടക്കി വാങ്ങാവുന്നതാണ്.

(1) പിൻവലിക്കുന്നതിനുള്ള നോട്ടീസ് ആറു മാസത്തിനു മുൻപ് നൽകിയിരിക്കണം.

(2) ഏതെങ്കിലും വർഷത്തിൽ ഇപ്രകാരം മടക്കിക്കൊടുക്കുന്ന തുക അതിനു തൊട്ടുമുമ്പുള്ള വർഷം ജൂൺ 30-ാം തീയതി മുതലിന്റെ 10 ശതമാനത്തിൽ കവിയാൻ പാടില്ല. 9-ാം ചട്ടപ്രകാരമൊഴിച്ചിട്ടുള്ള എല്ലാ മടക്കിക്കൊടുക്കലുകളും ഈ 10 ശതമാനം കണക്കാക്കുന്നതിൽ വകവയ്ക്കേണ്ടതാണ്.

(3) അയാളിൽ നിന്നും സംഘത്തിനു ഈടാക്കേണ്ട യാതൊരു കടങ്ങളോ ബാധ്യതകളോ ഉണ്ടായിരിക്കാൻ പാടില്ല.

(ബി) സെക്രട്ടേറിയറ്റിൽ നിന്നും പെൻഷൻ പറ്റി പിരിഞ്ഞു പോകുകയോ സ്ഥിരമായി മാറി പോകുകയോ ചെയ്യുന്നവർക്ക് അംഗത്വം നഷ്ടപ്പെടുന്നതാണ്. അയാൾ അടച്ചിട്ടുള്ള ഓഹരിതുകയും അവകാശപ്പെട്ട

ഹതങ്കിലും ഡിവിഡന്റും കൂട്ടിയ തുകയിൽ നിന്ന് അയാളിൽ നിന്നും ഈടാക്കുവാനുള്ള ഏതെങ്കിലും തുക കുറച്ച് ബാക്കിയുള്ളത് മൂന്നു മാസത്തിനുള്ളിൽ അയാൾക്ക് മടക്കിക്കൊടുക്കേണ്ടതാണ്.

9. (എ) ഒരംഗം മരിച്ചുപോയാൽ അയാളുടെ അംഗത്വം അക്കാരണത്താൽ ഇല്ലാതാകുന്നതാണ്.

(ബി) ഓരോ അംഗത്തിനും സംഘത്തിലുള്ള തന്റെ അവകാശം തുടർന്ന് അനുഭവിക്കാൻ ആരെയെങ്കിലും നാമനിർദ്ദേശം ചെയ്യാവുന്നതാണ്. അംഗം മരിച്ചുപോകുകാണെങ്കിൽ അയാളുടെ ഓഹരി സർട്ടിഫിക്കറ്റ് തിരിച്ചു വാങ്ങിക്കൊ ണ്ട് അയാളുടെ ഓഹരിവിലയും അതിൻമേൽ ചെല്ലേണ്ടതായുള്ള ഏതെങ്കിലും ഡിവിഡന്റും സംഘത്തിന് അയാളിൽ നിന്നും ഈടാക്കേണ്ട ഏതെങ്കിലും തുക തട്ടിക്കിഴിച്ചതിനു ശേഷം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി നൽകുന്നതാണ്.

(1) നാമനിർദ്ദേശം രണ്ടു സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ ഒപ്പിട്ടിരിക്കേണ്ടതാണ്.

(2) നാമനിർദ്ദേശം ഇക്കാര്യത്തിനായി സംഘത്തിൽ സൂക്ഷിച്ചിരിക്കുന്ന പ്രവേശനരജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

(3) അംഗത്തിന് മതിയായ കാരണങ്ങളാൽ കമ്മിറ്റിയുടെ അനുമതിയോടുകൂടി നാമനിർദ്ദേശം പുതുക്കാവുന്നതാണ്.

10. (1)അംഗമായിരുന്ന ഒരാൾ അംഗത്വം ഒഴിഞ്ഞുപോയ തീയതിയിൽ സംഘം കൊടുത്തുതീർക്കേണ്ടതായ കടങ്ങൾക്ക് അയാളുടെ ബാധ്യത ആ തീയതി മുതൽ രണ്ടു വർഷത്തേയ്ക്ക് നിലനിൽക്കുന്നതാകുന്നു.

(2) മരിച്ചുപോയ ഒരംഗത്തിന്റെ സ്വത്തുക്കൾ അയാൾ മരിച്ച കാലത്ത് സംഘത്തിലുണ്ടായിരുന്ന കടങ്ങൾക്ക് അയാളുടെ മരണശേഷം രണ്ടു വർഷത്തേയ്ക്ക് 3-ാം ഉപചട്ടത്തിൽ അനുശാസിച്ചിട്ടുള്ള പ്രകാരം ബാധ്യതപ്പെട്ടിരിക്കുന്നതാണ്.

11. (എ) യാതൊരംഗവും തന്റെ ഓഹരി/ഓഹരികൾ എടുത്ത് രണ്ടുകൊല്ലം കഴിഞ്ഞതിനുശേഷം അല്ലാതെ ആ ഓഹരി/ഓഹരികൾ കൈമാറ്റം ചെയ്യുവാൻ അനുവദിക്കപ്പെടുന്നതല്ല. കമ്മിറ്റിയുടെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെയുള്ള യാതൊരു കൈമാറ്റവും അംഗീകരിക്കപ്പെടുന്നതുമല്ല.

(ബി) ഓഹരികൾ കൈമാറ്റം ചെയ്യുമ്പോൾ അവ വാങ്ങുന്ന ആൾ 7 (ബി) ഉപചട്ടം അനുസരിച്ചുള്ള പ്രവേശന ഫീസ് അടയ്ക്കേണ്ടതാണ്.

## വായ്പകൾ

12. അംഗങ്ങളിൽ നിന്നോ അല്ലാത്തവരിൽ നിന്നോ മറ്റു സംഘങ്ങൾ ഉൾപ്പെടെ മറ്റെവിടെ നിന്നെങ്കിലുമോ സംഘത്തിനുവേണ്ടി ഡിപ്പോസിറ്റായോ നിയമാനുസൃതമായി മറ്റേതെങ്കിലും വിധത്തിലോ പണം വായ്പയായി സ്വീകരിക്കുവാൻ കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

## ഡിപ്പോസിറ്റുകൾ

13. ഡിപ്പോസിറ്റുകൾ താഴെ പറയുന്ന 7 വിധത്തിൽ ആകാവുന്നതാണ്, അതായത് :

No. O / 3983/2008. (2008-ൽ അംഗീകരിച്ചത്)

### (എ) ഫിക്സഡ് ഡിപ്പോസിറ്റുകൾ

(1) 46 ദിവസത്തിൽ കുറയാതെയുള്ള കാലത്തേക്ക് നൂറു രൂപയോ അതിന്റെ ഗുണിതങ്ങളോ ഫിക്സഡ് ഡിപ്പോസിറ്റുകളായി സ്വീകരിക്കാവുന്നതാണ്. സഹകരണ രജിസ്ട്രാറുടെ കാലാകാലങ്ങളിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി അവ യ്ക്കു പലിശ നൽകാവുന്നതാണ്. ഫിക്സഡ് ഡിപ്പോസിറ്റിന്റെ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് അത് പിൻവലിക്കാതിരിക്കുന്ന പക്ഷം പിൻവലിക്കുന്ന കാലത്തേയ്ക്ക് തുടർന്നും അതേ നിരക്കിലുള്ള പലിശ നൽകാവുന്നതാണ്.

(1993-ൽ അംഗീകരിച്ചത്)

(2) ഫിക്സഡ് ഡിപ്പോസിറ്റിന്റെ ഉറപ്പിൻമേൽ അതിന്റെ 90 ശതമാനത്തിൽ കുറയാത്ത തുക വായ്പയായി നിക്ഷേപകൻ അപേക്ഷിക്കുന്ന പക്ഷം കമ്മിറ്റിക്ക് അനുവദിക്കാവുന്നതാണ്. ഡിപ്പോസിറ്റു കാലാവധി അവസാനിക്കുന്നതിനുമുമ്പായി അടച്ചു തീർക്കത്തക്കവണ്ണം ഫിക്സഡ് ഡിപ്പോസിറ്റിനു കൊടുക്കുന്ന പലിശയെക്കാൾ ഒരു ശതമാനം കൂട്ടി പലിശ അതിൻമേൽ ചുമത്തുന്നതാണ്. ഡിപ്പോസിറ്റു കാലാവധിക്കു മുൻപ് വായ്പ അടച്ചു തീരാത്ത പക്ഷം ഈടാകാനുള്ള പണവും പലിശയും സഹിതം ഡിപ്പോസിറ്റിൽ നിന്നും തട്ടിക്കഴിച്ച് ബാക്കിയുള്ള തുക മാത്രം നിക്ഷേപകനു നൽകുന്നതാണ്. പലിശ കണക്കാക്കുന്ന ആവശ്യത്തിനായി 15 ദിവസത്തിൽ കവിഞ്ഞ ഏതൊരു കാലയളവിനേയും ഒരു പൂർണ്ണമാസമായും അതിൽകുറഞ്ഞ കാലയളവിനെ അർദ്ധമാസമായും പരിഗണിക്കുന്നതാണ്.

### (ബി) കറന്റ് ഡിപ്പോസിറ്റുകൾ

അംഗങ്ങളിൽ നിന്നും 10 രൂപയിൽ കുറയാതെയുള്ള തുകകൾക്കുള്ള കറന്റ് ഡിപ്പോസിറ്റുകൾ സ്വീകരിക്കാവുന്നതും എല്ലാ മാസങ്ങളിലും 30-ാം തീയതിക്കു നിൽപുള്ള ഏറ്റവും ചുരുങ്ങിയ തുകയ്ക്ക് ഒരു ശതമാനം പലിശ നൽകാവുന്നതാണ്. ഒരു വർഷത്തിൽ ഒരു നിക്ഷേപകന്റെ

പക്കൽനിന്നും ഈ ഇനത്തിൽ സ്വീകരിക്കാവുന്ന സംഖ്യ പലിശ ഒഴികെ 1000 രൂപയിൽ കവിയാൻ പാടില്ലാത്തതും യാതൊരു സമയത്തും ഒരു നിക്ഷേപകന്റെ വകയായി 2000 രൂപയിൽ അധികരിച്ച സംഖ്യ ഉണ്ടായിക്കൂടാത്തതുമാകുന്നു.

## (സി) സേവിംഗ്സ് ഡിപ്പോസിറ്റുകൾ

ഏതൊരാൾക്കും, സംഘടനയ്ക്കും, സ്ഥാപനത്തിനും സംഘത്തിൽ ഒരു സേവിംഗ്സ് ഡിപ്പോസിറ്റ് അക്കൗണ്ട് തുടങ്ങാവുന്നതാണ്. ചുരുങ്ങിയത് 5 രൂപയെങ്കിലും ഏതു സമയത്തും ബാക്കിയുണ്ടായിരിക്കേണ്ടതും പരമാവധി ഒരക്കൗണ്ടിൽ നിക്ഷേപിക്കാവുന്ന തുക 5000 രൂപ ആയിരിക്കുന്നതുമാകുന്നു. ഡിപ്പോസിറ്റിൻമേൽ പ്രതിവർഷം 5 ശതമാനം പലിശ നൽകാവുന്നതും അങ്ങനെയുള്ള പലിശ എല്ലാ മാസവും 30-ാം തീയതി ബാക്കി നിൽപ്പുള്ള ആ മാസത്തെ ഏറ്റവും ചുരുങ്ങിയ തുകയിൻമേൽ കണക്കാക്കാവുന്നതാണ്. ഓരോ നിക്ഷേപകനും സംഘത്തിൽ നിന്നും ഒരു പാസ്ബുക്ക് നൽകുന്നതും അത് നഷ്ടപ്പെട്ടാൽ നിക്ഷേപകന്റെ അപേക്ഷപ്രകാരം 50 പൈസാ പിഴ ഈടാക്കിക്കൊണ്ട് പുതിയ പാസ്ബുക്ക് നൽകാവുന്നതുമാണ്.

## (ഡി) പൊതുനന്മ ഫണ്ട്

സംഘാംഗങ്ങളുടെ പൊതുനന്മയ്ക്കായി സ്വരൂപിക്കാവുന്ന ഫണ്ടാണിത്. ഇതിനെ സംഘത്തിൽ പ്രത്യേക സ്ഥിരനിക്ഷേപമായി സൂക്ഷിക്കേണ്ടതും ആയതിലേക്ക് ആണ്ടിൽ 10 ശതമാനം പലിശ കൂട്ടുന്നതുമാകുന്നു. താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഈ ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

(1) 500 രൂപയുടെ ഒരു യൂണിറ്റ് എന്ന നിരക്കിൽ പണമടയ്ക്കുന്ന ഏതൊരംഗത്തിനും ഈ സ്കീമിൽ ചേരാവുന്നതാണ്. ഏതൊരംഗത്തിനും പരമാവധി പന്ത്രണ്ടിൽ കവിയാത്ത എണ്ണം യൂണിറ്റുകളിൽ ചേരാവുന്നതാണ്.

No. O/4244/2011 (2011-ൽ അംഗീകരിച്ചത്)

(2) ഒരംഗം സർവീസിൽ ഇരിക്കെ മരിച്ചുപോയാൽ അംഗത്തിന്റെ അവകാശികൾക്ക് ഓരോ യൂണിറ്റിനും അറുപതിനായിരം രൂപ എന്ന നിരക്കിൽ തുക നൽകാവുന്നതാണ്.

No. O/4244/2011 (2011-ൽ അംഗീകരിച്ചത്)

(3) ഇങ്ങനെ കൊടുക്കുന്ന തുകയിൽ നിന്നും ആ അംഗത്തിന് സംഘത്തിൽ ഏതെങ്കിലും വിധത്തിൽ ബാദ്ധ്യത ഉണ്ടെങ്കിൽ ആ തുക തട്ടിക്കഴിച്ച് ബാക്കി നൽകിയാൽ മതിയാവുന്നതാണ്.

(4) മേൽപ്പറഞ്ഞ ആനുകൂല്യം 500 രൂപാ പൂർണ്ണമായും അടച്ചുതീർത്തിട്ടുള്ള അംഗങ്ങൾക്ക് മാത്രമേ ലഭിക്കുകയുള്ളൂ.

(5) സംഘത്തിൽ നിന്നും പിരിഞ്ഞുപോകുന്ന അംഗത്തിന് ആ അവസരത്തിൽ, ഈ പദ്ധതി അനുസരിച്ചുള്ള ഫണ്ടിൽ എത്ര തുകയുണ്ടോ ആ തുകയുടെ ഒരു വിഹിതം ആനുപാതികമായി നൽകാവുന്നതാണ്. ഫണ്ടിലുള്ള മൊത്തം തുകയെ, ഫണ്ടിലെ ആകെ അംഗങ്ങളുടെ എണ്ണം കൊണ്ട് ഭാഗിച്ച് കിട്ടുന്നതാണ് ഒരംഗത്തിന് അർഹതപ്പെട്ട വിഹിതം.

(6) ഒരംഗം സർവീസിൽ നിന്നും പെൻഷനായോ അല്ലാതെയോ പിരിഞ്ഞുപോകുന്ന ദിവസം മുതൽ ഈ പദ്ധതിയിൽ അംഗമല്ലാതായി തീരുന്നതും ഇത് അനുസരിച്ചുള്ള ആനുകൂല്യങ്ങൾക്ക് അർഹനല്ലാതായിത്തീരുന്നതുമാണ്.

(1988-ൽ അംഗീകരിച്ചത്)

## (ഇ) ചിട്ടിഫണ്ട്

നീക്കം ചെയ്തു (2008-ൽ അംഗീകരിച്ചത്)

## (എഫ്) ത്രിഫ്റ്റ് ഡിപ്പോസിറ്റുകൾ

നീക്കം ചെയ്തു (2008-ൽ അംഗീകരിച്ചത്)

## (ജി) റിക്കറിംഗ് ഡിപ്പോസിറ്റുകളും ഇതര സമ്പാദ്യ പദ്ധതികളും

അംഗങ്ങളിൽ നിന്നും ഒരു നിശ്ചിത തുക ഒരു നിശ്ചിത കാലാവധിക്ക് പ്രതിമാസ തവണകളായുള്ള നിക്ഷേപങ്ങളായി സ്വീകരിക്കാവുന്നതും അവയ്ക്ക് സഹകരണ രജിസ്ട്രാരുടെ നിബന്ധനകൾക്കു വിധേയമായി കാലാകാലങ്ങളിൽ മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം പ്രതിമാസ പലിശ ചേർക്കാവുന്നതുമാണ്. സംഘത്തിനും അംഗങ്ങൾക്കും ഉപയുക്തമായ രീതിയിൽ ഈ ഫണ്ട് ഉപയോഗിച്ച് സഹകരണ രജിസ്ട്രാരുടെ അംഗീകാരത്തിനു വിധേയമായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാവുന്നതുമാണ്.

(1993-ൽ അംഗീകരിച്ചത്)

## (എച്ച്) ജീവനക്കാർക്കുള്ള റിക്കറിംഗ് ഡിപ്പോസിറ്റ്

സംഘം ജീവനക്കാർക്ക് റിക്കറിംഗ് ഡിപ്പോസിറ്റ് ആരംഭിക്കാവുന്നതും അവരുടെ റിക്കറിംഗ് ഡിപ്പോസിറ്റിന്റെ ഉറപ്പിൻ മേൽ സബ്റൂളിന് വിധേയമായി 15000 രൂപ വരെ ഓവർഡ്രാഫ്റ്റ് അനുവദിക്കാവുന്നതുമാണ്.

(1994-ൽ അംഗീകരിച്ചത്)

## (റ) പ്രതിമാസ നിക്ഷേപ പദ്ധതി

(2000-ൽ അംഗീകരിച്ചത്)

### മറ്റു കടങ്ങൾ

14. സംഘം മറ്റേതെങ്കിലും സഹകരണ സംഘത്തിൽ നിന്നും വായ്പ വാങ്ങുമ്പോൾ അങ്ങനെയുള്ള വായ്പ തുക ആ സഹകരണ സംഘത്തിലേയ്ക്ക് പണയപ്പെടുത്തുന്ന സ്റ്റോക്കിന്റെ വിലയെ അധികരിക്കാൻ പാടില്ല. എന്നാൽ അടച്ചു തീർന്ന ഓഹരി മൂലധനത്തിന്റെ മൂന്നിരട്ടിയിൽ കവിയാതുള്ള തുക കടമായി മറ്റു സംഘങ്ങളിൽ നിന്നോ ഏതെങ്കിലും അംഗീകൃത ബാങ്കിൽ നിന്നോ വാങ്ങുന്നതിൽ ആക്ഷേപമില്ല. അങ്ങനെയുള്ള വായ്പ തുക കാലാകാലം പുതുക്കാവുന്നതാണ്. ഡിപ്പോസിറ്റില്ലാതെയുള്ള കടം വാങ്ങലിനു കൊടുക്കാവുന്ന പലിശനിരക്ക് ധനസഹായം ചെയ്യുന്ന ബാങ്കിൽ നിന്നും അതാതു കാലങ്ങളിൽ നിശ്ചയിക്കുന്ന പലിശ നിരക്കിനു വിധേയമായിരിക്കും.

### സംഘത്തിനു വാങ്ങാവുന്ന കടത്തിന്റെ പരിധി

15. 12ും, 13ും ഉപചട്ടങ്ങൾ പ്രകാരം സംഘത്തിന് വാങ്ങാവുന്ന വായ്പകളുടെ മൊത്തം തുക ആ സമയം അടച്ചു തീർന്നിട്ടുള്ള ഓഹരി മൂലധനത്തിന്റെയും കരുതൽ ധനത്തിന്റെയും 35 ഇരട്ടിയിൽ കവിയാൻ പാടില്ലാത്തതാകുന്നു. അംഗീകൃത ബാങ്കുകളിൽ നിന്നോ ജില്ലാ സഹകരണ ബാങ്കിൽ നിന്നോ പണം കടം വാങ്ങുന്നതിന് ഭരണസമിതിക്ക് അധികാരമുണ്ടായിരിക്കും.

(1997-ൽ അംഗീകരിച്ചത്)

16. കാലാകാലങ്ങളിൽ പൊതുയോഗത്താൽ തെരഞ്ഞെടുക്കപ്പെട്ട 13 (പതിമൂന്ന്) പേരിൽ അധികരിക്കാത്ത ഒരു മാനേജിംഗ് കമ്മിറ്റിയിൽ മൂന്ന് സീറ്റ് വനിതകൾക്കും ഒരു സീറ്റ് പട്ടികജാതി/പട്ടികവർഗ്ഗ പ്രതിനിധിയ്ക്കും ഒരു സീറ്റ് സംഘത്തിൽ 10,000/- രൂപയിൽ കുറയാത്ത നിക്ഷേപമുള്ള വ്യക്തി അംഗത്തിനും വേണ്ടി സംവരണം ചെയ്തിരിക്കുന്നു. കമ്മിറ്റി അവരിൽനിന്നും ഒരു പ്രസിഡന്റിനെയും, ഒരു സെക്രട്ടറിയെയും, ഒരു ട്രഷററെയും തിരഞ്ഞെടുക്കേണ്ടതാണ്.

(2011-ൽ അംഗീകരിച്ചത്)

No. O/4244/2011

16. (എ) കമ്മിറ്റിയിൽ അംഗമായിരിക്കുന്നതിനുള്ള യോഗ്യതകൾ കേരള സഹകരണ സംഘം ആക്ടിലും റൂളിലും അനുശാസിക്കുന്ന പ്രകാരമായിരിക്കും.

### ആഫീസ്

17. (എ) കമ്മിറ്റിയുടെ ഉദ്യോഗകാലാവധി അഞ്ച് കൊല്ലമായിരിക്കുന്നതാണ്. ഇത് സംബന്ധിച്ച് ഒരു വർഷമെന്ന് പറയുന്നത് ഏപ്രിൽ 1-ാം തീയതി

മുതൽ തുടങ്ങി മാർച്ച് 31-ാം തീയതി വരെയുള്ള കാലമാകുന്നു. എന്നാൽ പുതിയ ഒരു കമ്മിറ്റി തിരഞ്ഞെടുക്കുന്നതു വരെ കാലാവധി അവസാനിച്ച കമ്മിറ്റിയംഗങ്ങൾ അധികാരത്തിൽ തുടരുന്നതാണ്. കമ്മിറ്റിയുടെ തുടർച്ച യായ നാലു മീറ്റിംഗുകളിൽ രേഖാമൂലമുള്ള അറിയിപ്പില്ലാതെ സംബന്ധി ക്കാതിരിക്കുന്ന അംഗത്തിന് തന്റെ കമ്മിറ്റിയംഗത്വം നഷ്ടപ്പെടുന്നതാണ്. എന്നാൽ ടി അംഗത്തെ വീണ്ടും കമ്മിറ്റിയിലെ അംഗമായി അംഗീകരിക്ക ന്നതിന് കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതുമാകുന്നു.

No. O/3085/2006 (2006-ൽ അംഗീകരിച്ചത്)

(ബി) കമ്മിറ്റി മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്.

(സി) കമ്മിറ്റിയോഗത്തിന്റെ കോറം ഏഴായിരിക്കുന്നതാണ്. കമ്മിറ്റി യിലെ ഒരു അംഗത്തിന് വ്യക്തിപരമായ താത്പര്യമുള്ള ഒരു വിഷയം ചർച്ച ചെയ്യുമ്പോൾ ആ അംഗം കമ്മിറ്റി യോഗത്തിൽ സന്നിഹിതനായി രിക്കൂടാത്തതാകുന്നു. കമ്മിറ്റിയോഗം വിളിച്ചുകൂട്ടുവാൻ സമയമില്ലാത്ത വിധ മുള്ള അടിയന്തിരഘട്ടങ്ങളിൽ അത്തരം കാര്യങ്ങൾ സെക്രട്ടറി അംഗങ്ങ ളുടെ ഇടയിൽ സർക്കുലേഷൻവഴി അറിയിക്കേണ്ടതാണ്. അങ്ങനെ ചെയ്യ പ്പെടുന്ന തീരുമാനം കമ്മിറ്റിയുടെ അറിവിനായി അടുത്ത യോഗത്തിൽ സമർപ്പിക്കേണ്ടതാണ്. സർക്കുലേറ്റ് ചെയ്യുന്ന അവസരത്തിൽ കമ്മിറ്റിയം ഗങ്ങൾ ഏതെങ്കിലും കാര്യത്തിൽ വിവിധ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുക യാണെങ്കിൽ തീരുമാനം സർക്കുലേഷൻ വഴി എടുക്കുവാൻ പാടില്ലാത്ത തും, ആയത് അടുത്ത യോഗത്തിൽ ചർച്ചയ്ക്കു വയ്ക്കേണ്ടതുമാകുന്നു. കമ്മിറ്റിയംഗങ്ങളുടെ സേവനങ്ങൾ പ്രതിഫലം കൂടാതെയായിരിക്കുന്നതു മാകുന്നു. എന്നാൽ അവർക്ക് സിറ്റിംഗ് ഫീസും, സംഘത്തിന്റെ ബിസി നസ്സ് സംബന്ധമായി ചെയ്യുന്ന യാത്രക്കുള്ള ബത്തയും, പൊതുയോഗം നിശ്ചയിക്കുന്നതും രജിസ്ട്രാർ അംഗീകരിക്കുന്നതുമായ നിരക്ക് അനുസ രിച്ച് നൽകാവുന്നതാണ്.

(ഡി) കമ്മിറ്റിയിലുണ്ടാകുന്ന ഇടക്കാല ഒഴിവുകൾ കേരള സഹക രണസംഘം ആക്ടിലും റൂളിലും വിവക്ഷിക്കുന്ന പ്രകാരം നികത്താവുന്ന താണ്.

(1978-ൽ അംഗീകരിച്ചത്)

(ഇ) (നീക്കം ചെയ്തുകൊണ്ട് 1990-ൽ അംഗീകരിച്ചത്)

18. കമ്മിറ്റി അതാതുകാലം അംഗീകരിക്കുന്ന നിശ്ചയങ്ങൾക്കു വിധേയ മായി സംഘത്തിലെ വിവിധ ഉദ്യോഗസ്ഥൻമാർക്ക് താഴെ പറയുന്ന അധി കാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(എ) പ്രസിഡന്റിനു സംഘം വക എല്ലാ കാര്യങ്ങളിലും പൊതു നിയന്ത്രണം ഉണ്ടായിരിക്കുന്നതാണ്.

(ബി) വൈസ് പ്രസിഡന്റിനു അപ്പോഴപ്പോൾ പ്രസിഡന്റു നൽകുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(സി) കമ്മിറ്റിയുടെ നിയന്ത്രണത്തിനു വിധേയമായി സംഘം കാര്യങ്ങളുടെ നടത്തിപ്പിന്റെ ചുമതല സെക്രട്ടറി നിർവ്വഹിക്കേണ്ടതും സംഘത്തിനുവേണ്ടി എഴുത്തുകുത്തുകൾ നടത്തേണ്ടതുമാകുന്നു. ഈ നിബന്ധനകളുടെ അനുബന്ധം ഒന്നിൽ കൊടുത്തിട്ടുള്ള പ്രത്യേക നിയമാവലിക്ക് വിധേയമായി സംഘം ജീവനക്കാർക്ക് പിഴയിടുന്നതിനും അവരെ സസ്പെന്റ് ചെയ്യുന്നതിനും സെക്രട്ടറിക്ക് അനുവാദമുണ്ടായിരിക്കുന്നതാണ്.

(ഡി) സംഘത്തിനുവേണ്ടി വ്യവഹാരം നടത്തുന്നത് സെക്രട്ടറിയായിരിക്കുന്നതും സംഘം വക എല്ലാ പ്രമാണങ്ങളും സെക്രട്ടറിയുടെ പേരിൽ ആയിരിക്കുന്നതുമാണ്.

(ഇ) സംഘത്തിലുള്ള സ്റ്റോക്ക് കൂടക്കൂടെയോ കുറഞ്ഞത് മാസത്തിലൊരിക്കലെങ്കിലുമോ പരിശോധിക്കുക.

(എഫ്) സ്റ്റോക്കുകൾ ഇരട്ടപ്പൂട്ടിൽ സുരക്ഷിതമായി സൂക്ഷിക്കുക.

(ജി) സംഘം കണക്കുകൾ ശരിയായി സൂക്ഷിക്കുന്നുണ്ടോയെന്നും ബുക്കുകളിൽ നാളതുവരെയുള്ള കണക്കുകൾ എഴുതിയിട്ടുണ്ടോയെന്നും ബോദ്ധ്യപ്പെടുത്തുകയും, ഉറപ്പുവരുത്തുകയും ചെയ്യുക.

(എച്ച്) സംഘം വക എല്ലാ ഫണ്ടുകളും ട്രഷററുടെ അധീനത്തിൽ ആയിരിക്കുന്നതാണ്.

(ഐ) അംഗങ്ങളെ പ്രവേശിപ്പിക്കുകയും ഓഹരികൾ അനുവദിക്കുകയും ചെയ്യുക.

(ജെ) സ്റ്റോക്ക് രജിസ്റ്റർ പരിശോധിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യുക. കൈപ്പറ്റിയിട്ടുള്ള സാധനങ്ങൾ അള ന്നോ അല്ലെങ്കിൽ തൂക്കിയോ, പരിശോധിക്കുക, ആവശ്യമുള്ള സാധനങ്ങൾ വാങ്ങാൻ അനുവാദം കൊടുക്കുക, നല്ല സാധനങ്ങളാണോ വാങ്ങിയതെന്ന് നോക്കുക, വിൽക്കുന്നതിനുള്ള എല്ലാ സാധനങ്ങളുടെയും വിൽപന നിരക്ക് നിശ്ചയിക്കുക, ഏതെങ്കിലും സാധനത്തിന്റെ വിൽപ്പന നിരക്ക് വർദ്ധിപ്പിക്കുകയോ കുറയ്ക്കുകയോ ചെയ്യുക.

(കെ) സംഘത്തിന്റെ വാർഷിക ബഡ്ജറ്റ് തയ്യാറാക്കുകയും, ആയത് പൊതുയോഗത്തിന്റെ അംഗീകാരത്തിന് സമർപ്പിക്കുകയും ചെയ്യുക.

(എൽ) ഓരോ ആണ്ടിലേയ്ക്കും പൊതുയോഗം അനുവദിച്ച ബഡ്ജറ്റ് അലോട്ടുമെന്റിനു വിധേയമായി സംഘം ഭരണത്തിന് ആവശ്യമായ ചെലവുകൾ ചെയ്യുക.

19. സംഘത്തിലേയ്ക്കടയ്ക്കുന്ന എല്ലാ പണങ്ങൾക്കും രസീതുകൊടുക്കണം. അംഗങ്ങൾ അടയ്ക്കുന്ന പണത്തിനു നൽകുന്ന രസീതുകളിൽ സെക്രട്ടറി തന്നെ ഒപ്പു വച്ചിരിക്കേണ്ടതാണ്. അംഗങ്ങളല്ലാത്തവരിൽ നിന്നോ, മറ്റു സംഘങ്ങളിൽ നിന്നോ മറ്റോ കടം എടുക്കുമ്പോൾ കൊടുത്ത രസീതോ, കടപ്പത്രമോ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവർ ഉൾപ്പെടെ കമ്മിറ്റിയിലെ ചുരുങ്ങിയത് 6 പേർ ഒപ്പിട്ടിരിക്കേണ്ടതുമാകുന്നു.

20. പൊതുയോഗം അതാതവസരത്തിൽ നിശ്ചയിക്കുന്ന വ്യവസ്ഥകൾക്കും ഈ ഉപചട്ടങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുള്ള നിബന്ധനകൾക്കും വിധേയമായി കമ്മിറ്റിക്ക് താഴെ പറയുന്ന ചുമതലകൾ ഉണ്ടായിരിക്കുന്നതാണ്.

(എ) സഹകരണസംഘം ആക്ട് പ്രകാരമുള്ള ചട്ടങ്ങൾ അനുശാസിക്കുന്നതും രജിസ്ട്രാർ നിർദ്ദേശിക്കുന്നതുമായ കണക്കുകളും രജിസ്റ്ററുകളും എഴുതി സൂക്ഷിക്കുക.

(ബി) രജിസ്ട്രാർ അയയ്ക്കുന്ന ആഡിറ്റ് അല്ലെങ്കിൽ ഇൻസ്പെക്ഷൻ നോട്ടുകൾ അവ ലഭിച്ചതിനുശേഷം ഒരു മാസത്തിനകം പൊതുയോഗം മുൻപാകെ സമർപ്പിക്കുക.

(സി) സംഘം ജീവനക്കാരെ നിയമിക്കുകയും അവർക്കു പിഴ ശിക്ഷയോ, സസ്പെൻഷനോ, ഡിസ്മിസലോ നൽകുകയും ചെയ്യുക.

(ഡി) ജീവനക്കാരുടെ ചുമതലകൾ, ശമ്പളം, അലവൻസുകൾ മുതലായവ നിർണയിക്കുക.

(ഇ) സംഘത്തിന്റെ കാര്യ നടത്തിപ്പിനെ നിയന്ത്രിക്കുവാൻ ഉപചട്ടങ്ങൾക്കു വിരുദ്ധമല്ലാത്ത നിബന്ധനകൾ നിർമ്മിച്ച് അവ ഊർജ്ജിതപ്പെടുത്തുക.

(എഫ്) സംഘത്തിന്റെ സ്ഥാവരജംഗമസ്വത്തുക്കളുടെ ഭരണം നടത്തുക.

(ജി) കമ്മിറ്റിക്ക് സൗകര്യമാംവണ്ണം നിർവഹിക്കുവാൻ സാധ്യമല്ലാത്ത കാര്യങ്ങൾ നടത്തുന്നതിലേക്കായി സബ്കമ്മിറ്റികളോ സ്പെഷ്യൽ കമ്മിറ്റികളോ രൂപീകരിക്കുക.

(എച്ച്) സംഘം വക എല്ലാ കാര്യങ്ങളുടെയും ഭരണവും മേൽനോട്ടവും വഹിക്കുക.

21. കമ്മിറ്റിക്ക് സംഘം കാര്യങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിന് ആവശ്യമെന്ന് തോന്നുന്ന ജീവനക്കാരെ നിയമിക്കാവുന്നതും നിശ്ചിത തോതനുസരിച്ചുള്ള ശമ്പളചെലവും പൊതുയോഗം അംഗീകരിക്കുന്ന ബഡ്ജറ്റ് സംഖ്യയിൽ നിയന്ത്രിതമായ മറ്റു ചെലവുകളും നിർവഹിക്കാവുന്നതുമാകുന്നു. സെക്രട്ടറിക്ക് പ്രതിമാസം 25 രൂപയിൽ കവിയാതെയുള്ള ചില്ലറ ചെലവു ചെയ്യുവാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

22. അടിയന്തര കാലഘട്ടങ്ങളിൽ സാധനങ്ങളുടെ വിതരണം റേഷൻ അടിസ്ഥാനത്തിലാക്കുവാൻ കമ്മിറ്റിക്കു അധികാരമുണ്ടായിരിക്കും.

23. സംഘം ജീവനക്കാരിൽ നിന്നും വല്ല ജാമ്യവും സ്വീകരിക്കേണ്ടതുണ്ടെങ്കിൽ അതിന്റെ സംഖ്യയും സ്വഭാവവും നിർണ്ണയിക്കുവാൻ കമ്മിറ്റിക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

## പൊതുയോഗം

24. സംഘം ഭരണം സംബന്ധിച്ചുള്ള എല്ലാ സംഗതികളുടെയും അന്തിമ തീരുമാനത്തിനുള്ള അധികാരം പൊതുയോഗത്തിനായിരിക്കും. കമ്മിറ്റി ആണ്ടിൽ കുറഞ്ഞപക്ഷം ഒരിക്കലെങ്കിലും പൊതുയോഗം വിളിച്ചുകൂട്ടേണ്ടതാകുന്നു. മറ്റു കാര്യങ്ങളുൾപ്പെടെ താഴെ പറയുന്ന സംഗതികൾ പൊതുയോഗം കൈകാര്യം ചെയ്യുന്നതായിരിക്കും.

(എ) വാർഷിക റിപ്പോർട്ടും വരവുചെലവു കണക്കുകളും ബഡ്ജറ്റും.

(ബി) രജിസ്ട്രാരുടെ വാർഷിക ആഡിറ്റ് സർട്ടിഫിക്കറ്റ്

(സി) ഏതെങ്കിലും നിബന്ധനകളുടെ ഭേദഗതി അല്ലെങ്കിൽ റദ്ദാക്കൽ

(ഡി) ഒരംഗത്തെ നീക്കുക.

(ഇ) ഗവൺമെന്റോ, രജിസ്ട്രാറോ നിർണയിക്കാവുന്ന റിട്ടേണുകൾ.

(എഫ്) സംഘത്തെ ഏതെങ്കിലും സഹകരണ യൂണിയനോടോ, മൊത്തവ്യാപാര സഹകരണ സംഘത്തിനോടോ, ഫൈനാൻസിംഗ് ബാങ്കിനോടോ ചേർക്കുക. അല്ലെങ്കിൽ അപ്രകാരമുള്ള ബന്ധം വിടർത്തുക. മറ്റു സംഘങ്ങളിലേക്കുള്ള പ്രതിനിധികളെ തെരഞ്ഞെടുക്കുക.

(ജി) അറ്റാദായ വിഭജനം

(എച്ച്) കമ്മിറ്റിയിലേയ്ക്കുള്ള അംഗങ്ങളെ രഹസ്യ ബാലറ്റു മുഖേന തെരഞ്ഞെടുക്കുക.

(ഐ) കമ്മിറ്റി അംഗങ്ങളേയും, അംഗങ്ങളേയും ബഹിഷ്കരിക്കൽ

(ജെ) കമ്മിറ്റി അംഗങ്ങൾക്കെതിരായി അംഗങ്ങൾ ഉന്നയിക്കുന്ന ഏതൊരു പരാതികളും ചർച്ച ചെയ്തു തീരുമാനിക്കുക.

25. കമ്മിറ്റി മുഖാന്തിരം സംഘം കാര്യങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിനു ആവശ്യമെന്നു തോന്നുമ്പോഴൊക്കെ പൊതുയോഗം വിളിച്ചു കൂട്ടാവുന്നതാണ്. നിലവിലുള്ള 20 ശതമാനം അംഗങ്ങളോ, രജിസ്ട്രാറോ ആവശ്യപ്പെടുമ്പോഴും പൊതുയോഗം വിളിച്ചു കൂട്ടേണ്ടതാണ്.

26. പൊതുയോഗത്തിന് ഹാജരാകേണ്ടത് എല്ലാ അംഗങ്ങളുടെയും കടമയായിരിക്കുന്നതാണ്. പൊതുയോഗത്തിന്റെ കോറം 25-ഓ ആ അവസര

ത്തിൽ അംഗങ്ങളുടെ ലിസ്റ്റിലുള്ള വരുടെ എണ്ണത്തിന്റെ നാലിലൊന്നോ ഇവയിൽ ഏതാണ് കുറവെന്ന് വച്ചാൽ അതായിരിക്കുന്നതാണ്.

പൊതുയോഗത്തിൽ വോട്ടു ചെയ്യുന്നതിനു യോഗ്യരായിട്ടുള്ള അംഗങ്ങളുടെ അന്നുവരെയുള്ള ഒരു നാമവിവരപട്ടിക ഓരോ പൊതുയോഗം കൂടുന്നതിന് 15 ദിവസം മുമ്പേ കമ്മിറ്റി തയ്യാറാക്കി വയ്ക്കേണ്ടതാണ്. ഈ പട്ടികയുടെ കോപ്പികൾ അതിനായി കമ്മിറ്റി നിശ്ചയിക്കുന്ന വിലയ്ക്ക് ആവശ്യമുള്ള അംഗങ്ങൾക്ക് നൽകുവാൻ, സെക്രട്ടറി ബാദ്ധ്യസ്ഥനാകുന്നു. ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള തീയതിക്ക് തൊട്ടു മുൻപുള്ള 30 ദിവസങ്ങളിൽ പുതിയ ഒരംഗത്തെയും ചേർത്തു കൂടാത്തതാകുന്നു. അപ്രകാരം ചേർക്കപ്പെട്ട മെമ്പർമാരുണ്ടെങ്കിൽ അവർക്ക് പ്രസ്തുത യോഗത്തിൽ പങ്കെടുക്കാവുന്നതോ, വോട്ടു ചെയ്യാവുന്നതോ അല്ല.

27. പൊതുയോഗത്തിന്റെയും കമ്മിറ്റിയുടെയും മീറ്റിംഗുകളിൽ പ്രസിഡന്റ് ഹാജരുള്ള പക്ഷം അദ്ദേഹം അദ്ധ്യക്ഷം വഹിക്കേണ്ടതും, അദ്ദേഹത്തിന്റെ അഭാവത്തിൽ വൈസ് പ്രസിഡന്റ് അദ്ധ്യക്ഷം വഹിക്കേണ്ടതുമാകുന്നു. പ്രസിഡന്റിന്റെയും വൈസ് പ്രസിഡന്റിന്റെയും അഭാവത്തിൽ ഒരു ചെയർമാനെ തെരഞ്ഞെടുക്കാവുന്നതാണ്. സന്നിഹിതരായിരിക്കുന്ന ഓരോ അംഗത്തിനും ഒരൊറ്റ വോട്ടുമാത്രം ഉണ്ടായിരിക്കുന്നതാണ്. എല്ലാ സംഗതികളും വോട്ടുകളുടെ ഭൂരിപക്ഷ പ്രകാരം തീരുമാനിക്കപ്പെടുന്നതായിരിക്കും. വോട്ടുകൾ തുല്യമായിരിക്കുമ്പോൾ ചെയർമാനു രണ്ടാമതു ഒരു വോട്ടുകൂടി (കാസ്റ്റിംഗ് വോട്ട്) ഉണ്ടായിരിക്കുന്നതാണ്. ഒരു നിബന്ധനഭേദഗതി പാസാകണമെങ്കിൽ പൊതുയോഗത്തിന്റെ ഹാജരുള്ളവരും വോട്ടു ചെയ്യുന്നതുമായ അംഗങ്ങളിൽ മൂന്നിൽ രണ്ടു ഭാഗത്തിന്റെ ആനുകൂല്യമുണ്ടായിരിക്കണം.

28. സാധാരണയായി പൊതുയോഗം കൂടുവാൻ അംഗങ്ങ ൾക്ക് ഏഴ് ദിവസത്തെ നോട്ടീസ് നൽകേണ്ടതാണ്. പൊതുയോഗത്തിന് താഴെ പറയുന്ന ഏതെങ്കിലും വിധത്തിൽ നോട്ടീസ് കൊടുക്കാവുന്നതാണ് :

(1) സംഘം ആഫീസിന്റെയും വിതരണം ചെയ്യുന്ന സ്റ്റോറിന്റെ മുമ്പിലുമുള്ള നോട്ടീസ് ബോർഡിലോ, നോട്ടീസ് ബുക്ക് അംഗങ്ങളെ നേരിട്ട് കാണിച്ച് അവരെക്കൊണ്ട് ഒപ്പിടുവിച്ചോ പ്രമുഖ ദിനപ്പത്രങ്ങളിൽ പരസ്യപ്പെടുത്തിയോ വിവരം ധരിപ്പിക്കേണ്ടതാണ്.

(2) നിബന്ധനകൾക്ക് വല്ല ഭേദഗതികളും നിർദ്ദേശിക്കപ്പെടുന്നതിനുള്ള പൊതുയോഗമാണെങ്കിൽ നോട്ടീസ്ബുക്ക് വിതരണം ചെയ്തോ പ്രമുഖ ദിനപ്പത്രങ്ങളിൽ പരസ്യപ്പെടുത്തിയോ, നോട്ടീസ് ഓരോ അംഗങ്ങൾക്കും കൃത്യ സമയത്തിനു മുമ്പ് അയച്ചോ ടി നോട്ടീസ് മുഖേന നിർദ്ദേശിക്കപ്പെടുന്ന ഭേദഗതികളെ സംബന്ധിച്ച് ഓരോ അംഗത്തിനും വ്യക്തമായ ധാരണ

ബാക്കി കൊടുക്കേണ്ടതുമാകുന്നു.

(1999-ൽ അംഗീകരിച്ചത്)

29. ഒരംഗം സംഘത്തെ വല്ല വിധത്തിലും വഞ്ചിക്കുകയോ അല്ലെങ്കിൽ അയാളുടെ സാധാരണ നടത്തകൊണ്ട് സംഘത്തിന്റെ ഗുണത്തിനുവേണ്ടി അയാളെ മാറ്റേണ്ടത് ആവശ്യമായി വരികയോ ചെയ്യുന്നപക്ഷം പൊതു യോഗത്തിന് അയാളെ സംഘത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്. നീക്കപ്പെട്ട ഒരംഗത്തിന് സംഘത്തിൽ നിന്നും വല്ല പണവും ചെല്ലാനുണ്ടാ യിരുന്നാൽ അവയിൽനിന്നും സംഘത്തിന് ഈടാകാനുള്ള എല്ലാ തുകയും കഴിച്ച് ബാക്കി അയാൾക്ക് കൊടുക്കാവുന്നതാകുന്നു. ഈടാകാനുള്ള പണം വസൂൽ ചെയ്യുന്നതിന് കോടതിയെ പ്രാപിക്കുവാൻ സംഘത്തെ നിർബന്ധിക്കുന്ന ഏതൊരംഗത്തെയും അക്കാരണത്താൽത്തന്നെ തൽസ്ഥാനത്തു നിന്നു മാറ്റാവുന്നതാണ്. ഒരംഗത്തെ നീക്കം ചെയ്ത സമ യത്തുള്ള സംഘത്തിന്റെ കടങ്ങൾക്ക് 3-ാം ഉപചട്ടത്തിൽ വ്യവസ്ഥ ചെയ്തി ട്ടുള്ള പ്രകാരം അയാൾ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

30. സംഘത്തിന്റെ സമീപത്ത് പ്രവർത്തനം നടത്തുന്നതോ രജിസ്ട്രാരാൽ രജിസ്റ്റർ ചെയ്യപ്പെട്ടതോ ആയ ഏതെങ്കിലും സഹകരണ യൂണിയനോട് സംഘത്തെ ചേർക്കുവാൻ പൊതുയോഗത്തിനധികാരമുണ്ടായിരിക്കുന്ന താണ്. തൽച്ചെലവിലേയ്ക്കായ് രജിസ്ട്രാർ തന്റെ ആഡിറ്റ് ഉത്തരവിൽ നിശ്ചയിക്കുന്ന പ്രകാരമുള്ള തുക സംഘത്തിൽനിന്നു നൽകേണ്ടതു മാകുന്നു.

## വായ്പകൾ

31. (1) വായ്പകൾ അംഗങ്ങൾക്ക് മാത്രം നൽകുവാൻ പാടുള്ളതാണ്. എന്നാൽ യാതൊരംഗത്തിനും ഒരവകാശമെന്ന നിലയ്ക്ക് വായ്പ ചോദി ക്കാൻ അവകാശമുണ്ടായിരിക്കയില്ല. വായ്പകൾക്കുള്ള എല്ലാ അപേക്ഷ കളും കമ്മിറ്റി തീർച്ച ചെയ്യുന്നതാണ്.

(2) വായ്പകൾക്കുള്ള എല്ലാ അപേക്ഷകളും നിശ്ചിത ഫാറത്തിൽ സെക്രട്ടറിക്ക് നൽകേണ്ടതും സെക്രട്ടറി അവ കമ്മിറ്റി മുൻപാകെ വയ്ക്കേ ണ്ടതുമാകുന്നു.

(3) വായ്പകൾ ഉപയോഗപ്രദമായ കാര്യങ്ങൾക്കു മാത്രമേ അനു വദിക്കുകയുള്ളൂ. താഴെ പറയുന്നവ ഉപയോഗപ്രദങ്ങളായ കാര്യങ്ങളായി പരിഗണിക്കുന്നതാണ്.

(i) നികുതികൾ അടയ്ക്കുക
(ii) മുൻ കടങ്ങൾ വീട്ടുക
(iii) വിദ്യാഭ്യാസാവശ്യങ്ങൾ
(iv) കെട്ടിടങ്ങളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും

(v) ആചാരാനുഷ്ഠാനങ്ങൾ സംബന്ധിച്ച ആവശ്യങ്ങൾ

(vi) വസ്തുക്കളും കെട്ടിടങ്ങളും വിലയ്ക്കു വാങ്ങുക

(vii) ഭക്ഷ്യസാധനങ്ങളും മറ്റ് ജീവിതാവശ്യസാധനങ്ങളും വാങ്ങുക.

(viii) രോഗ ചികിത്സയ്ക്ക്

(ix) വീട്ടുപകരണങ്ങളും വാഹനങ്ങളും സമ്പാദിക്കാൻ

(1990-ൽ അംഗീകരിച്ചത്)

(x) കമ്മിറ്റി നിശ്ചയിക്കുന്ന ജാമ്യവ്യവസ്ഥകൾക്ക് വിധേയമായി അംഗങ്ങൾക്ക് വളരെ അത്യാവശ്യ സന്ദർഭങ്ങളിൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി സെക്രട്ടറിക്ക് എമർജൻസി / ഫെസ്റ്റിവൽ / കാഷ്വൽ ലോൺ നൽകാവുന്നതാണ്.

No. O/3983/2008 (2008-ൽ അംഗീകരിച്ചത്)

(എ) ഒരംഗത്തിന് പരമാവധി നൽകാവുന്ന വായ്പ 2,00,000/- (രണ്ട് ലക്ഷം) രൂപയായിരിക്കും.

No. O/5137/2013 (2014-ൽ അംഗീകരിച്ചത്)

(ബി) ഈ വായ്പ തൊട്ടടുത്തമാസം ഒരുമിച്ചോ മാനേജിംഗ് കമ്മിറ്റി തീരുമാനിക്കുന്ന മാസഗഡുക്കളായോ പലിശ സഹിതം തിരിച്ചടയ്ക്കേണ്ടതാണ്.

(സി) ഈ വായ്പയ്ക്ക് സഹകരണ രജിസ്ട്രാറുടെ നിർദ്ദേശങ്ങൾക്കു വിധേയമായി മാനേജിംഗ് കമ്മിറ്റി നിശ്ചയിക്കുന്ന പലിശ ഈടാക്കാവുന്നതാണ്.

(2003-ൽ അംഗീകരിച്ചത്)

(ഡി) വായ്പ എടുക്കുന്ന അംഗം മറ്റു വായ്പകളിൽ കുടിശ്ശികക്കാരനായിരിക്കാൻ പാടില്ല.

(ഇ) തുകയും പലിശയും യഥാസമയം തിരിച്ചടയ്ക്കാത്തപക്ഷം തൊട്ടടുത്ത മാസങ്ങളിൽ പലിശയും മുതലും ശമ്പളത്തിൽനിന്നും ഈടാക്കാവുന്നതാണ്.

(1990-ൽ അംഗീകരിച്ചത്)

(4) സംഘത്തിൽ നിന്നും കൊടുത്ത വായ്പ ദുരുപയോഗപ്പെടുത്തിയതായി കമ്മിറ്റിക്ക് അഭിപ്രായമുള്ളപക്ഷം അത് ആ വായ്പ കൊടുത്തിട്ടുള്ള അവധി കഴിയുന്നതിനു കാത്തിരിക്കാതെ ആയതു പലിശ സഹിതം വസൂലാക്കുന്നതിനുള്ള നടപടികൾ ഉടനടി ആരംഭിക്കേണ്ടതാണ്.

(5) കടം വായ്പ താഴെ പറയുന്ന ഏതെങ്കിലും വിധത്തിൽ നൽകപ്പെടും.

(i) കടം വാങ്ങുന്നയാളിന്റെ പേരിൽ വല്ല നിക്ഷേപവും ഉണ്ടെങ്കിൽ അതിന്റെ 90 ശതമാനത്തിൽ കവിയാത്ത തുക, ആ നിക്ഷേപത്തിന്റെ ഉറപ്പിൻമേൽ.

(ii) കടം വാങ്ങുന്ന ആളിന്റെയും അയാൾക്ക് ജാമ്യമായി നിൽക്കുന്ന മറ്റു രണ്ടോ അതിലധികമോ അംഗങ്ങളുടെയും കൂട്ടായും വെവ്വേറെയായും ഉള്ള ഉത്തരവാദിത്വത്തിൻമേൽ.

(1990-ൽ അംഗീകരിച്ചത്)

(6) (എ) യാതൊരംഗവും അയാളുടെ അടിസ്ഥാന ശമ്പളത്തിന്റെ 300 ഇരട്ടിയോ 20 ലക്ഷം രൂപയോ ഏതാണ് കുറവെന്നു വച്ചാൽ ആ തുകയിൽ കവിഞ്ഞ് വായ്പ എടുക്കുന്ന വകയിലും വായ്പയ്ക്ക് ജാമ്യം നിന്ന വകയിലും കൂടി കടപ്പെടുത്തുവാൻ പാടില്ല. ഇത് സംബന്ധിച്ച ഉപനിബന്ധനകൾ തയ്യാറാക്കി ജോയിന്റ് രജിസ്ട്രാറുടെ അംഗീകാരം വാങ്ങേണ്ടതാണ്.

No. O/6074/2010 (2010-ൽ അംഗീകരിച്ചത്)

(6) (ബി) കാഷ്ലോൺ / കണ്ടിജൻസി ലോൺ / ഹയർ പർച്ചേസ് ലോൺ/ സൊസൈറ്റി ലോൺ / ബാങ്ക് ലോൺ എന്നീ ഇനങ്ങളിലായി ഒരംഗം പരമാവധി 5 ലക്ഷം രൂപയിൽ കവിഞ്ഞ് കടം വാങ്ങാൻ പാടില്ല. എന്നാൽ മേൽപ്പറഞ്ഞ വായ് പകളുടെ സ്വഭാവം അനുസരിച്ച് ഓരോ ഇനത്തിന്റേയും പരിധിയും കാലാവധിയും പലിശയും അതാതുകാലത്തുള്ള ഭരണസമിതി നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്. വായ്പകൾ തിരിച്ചടയ്ക്കാനുള്ള പരമാവധി കാലാവധി 100 മാസമായിരിക്കും. ഇതു സംബന്ധിച്ച ഉപ നിബന്ധനകൾ തയ്യാറാക്കി ജോയിന്റ് രജിസ്ട്രാറുടെ അംഗീകാരം വാങ്ങേണ്ടതാണ്.

No. O/7986/2007 (2007-ൽ അംഗീകരിച്ചത്)

(i) അടിസ്ഥാന ശമ്പളത്തിന്റെ 40 ഇരട്ടിയോ പരമാവധി 5,00,000/- (അഞ്ച് ലക്ഷം) രൂപയോ ഏതാണ് കുറവെന്നു വച്ചാൽ അതിൽ കവിഞ്ഞ് കാഷ് കണ്ടിജൻസി ലോൺ അനുവദിക്കാവുന്നതല്ല. ഇത് സംബന്ധിച്ച ഉപനിബന്ധനകൾ തയ്യാറാക്കി ജോയിന്റ് രജിസ്ട്രാറുടെ അംഗീകാരം വാങ്ങേണ്ടതാണ്.

No. O/5137/2013 (2014-ൽ അംഗീകരിച്ചത്)

(ii) അടിസ്ഥാന ശമ്പളത്തിന്റെ 40 ഇരട്ടിയോ പരമാവധി 2,00,000/- (രണ്ട് ലക്ഷം) രൂപയോ ഏതാണ് കുറവെന്നു വച്ചാൽ അതിൽ കവിഞ്ഞ് ഹയർപർച്ചേയ്സ് ലോൺ അനുവദിക്കാവുന്നതല്ല.

No. O/5137/2013 (2014-ൽ അംഗീകരിച്ചത്)

(iii) അടിസ്ഥാന ശമ്പളത്തിന്റെ 100 ഇരട്ടിയോ 15,00,000/- (പതിനഞ്ച് ലക്ഷം) രൂപയോ ഏതാണ് കുറവെന്നു വച്ചാൽ അതിൽ കവിഞ്ഞ് സൊസൈറ്റി / ബാങ്ക് വായ്പ അനുവദിക്കാവുന്നതല്ല.

No. O/5137/2013 (2014-ൽ അംഗീകരിച്ചത്)

(iv) കാഷ് ലോണോ ഹയർ പർച്ചേസ് വായ്പയോ നിലവിലുള്ള അംഗത്തിന് ബാങ്ക് വായ്പ അനുവദിക്കാവുന്നതല്ല.

(1990-ൽ അംഗീകരിച്ചത്)

(v) കാഷ് ലോൺ, ഹയർ പർച്ചേസ് ലോൺ, ബാങ്ക് ലോൺ എന്നീ വായ്പകൾ നിലവിലുള്ള അംഗത്തിന് ബാക്കി നിൽപ്പു തുക കഴിച്ച് വീണ്ടും അതേ വായ്പകൾ അനുവദിക്കാവുന്നതാണ്.

(1992-ൽ അംഗീകരിച്ചത്)

(vi) കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി സംഘാംഗങ്ങളുടെയോ അവരുടെ മക്കളുടെയോ വിവാഹ ആവശ്യങ്ങൾക്കായ് 2,00,000/- (രണ്ട് ലക്ഷം) രൂപ വരെ മാര്യേജ് ലോൺ അനുവദിയ്ക്കാവുന്നതാണ്.

No. O/6074/2010 (2010-ൽ അംഗീകരിച്ചത്)

(vii) : തിരുവനന്തപുരം ജില്ലയിലെ വസ്തുക്കൾ ജാമ്യമായി സ്വീകരിച്ചുകൊണ്ട് അതിന്റെ ഉറപ്പിൻമേൽ അംഗങ്ങൾക്ക് ഭവന നിർമാണ വായ്പ അനുവദിയ്ക്കാവുന്നതാണ്. ജാമ്യമായി സ്വീകരിക്കുന്ന വസ്തുവിന്റെ മാർക്കറ്റ് വിലയുടെ 60 ശതമാനമോ പത്ത് ലക്ഷം രൂപയോ ഏതാണ് കുറവെന്ന് വെച്ചാൽ അതിൽ കവിഞ്ഞ് ഭവന നിർമ്മാണ വായ്പ അനുവദിക്കാവുന്നതല്ലാത്തതും പ്രസ്തുത ഭൂമി യാതൊരു വിധത്തിലുള്ള ബാധ്യതയോ കുടികിടപ്പിനോ വിധേയമല്ലാതിരിക്കേണ്ടതുമാണ്. വായ്പ തുക പലിശ സഹിതം നിശ്ചിത കാലയളവിനുള്ളിൾ തിരിച്ചടയ്ക്കാത്ത പക്ഷം ജാമ്യമായി സ്വീകരിച്ചിട്ടുള്ള വസ്തു കണ്ടുകെട്ടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സൊസൈറ്റിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

No. O/6074/2010 (2010-ൽ അംഗീകരിച്ചത്)

(viii) : വാഹനത്തിന്റെ യഥാർത്ഥ വിലയുടെ 80 ശതമാനമോ അടിസ്ഥാന ശമ്പളത്തിന്റെ 100 ഇരട്ടിയോ 10,00,000/- (പത്ത് ലക്ഷം) രൂപയോ ഏതാണ് കുറവെന്നു വച്ചാൽ അതിൽ കവിഞ്ഞ് വാഹനവായ്പ അനുവദിയ്ക്കാവുന്നതല്ല.

No. O/5137/2013 (2014-ൽ അംഗീകരിച്ചത്)

(സി) ഒരംഗം ചിട്ടി പിടിച്ച് പണം പറ്റിയ വകയിലും ചിട്ടിക്ക് ജാമ്യം നിന്ന വകയിലും മറ്റുമായി മൊത്തം കടപ്പെടുത്താവുന്ന തുക അടിസ്ഥാന

ശമ്പളത്തിന്റെ 100 ഇരട്ടിയോ 1,00,000 രൂപയോ ഏതാണ് കുറവെന്നു വച്ചാൽ അംശായിരിക്കും.

(ഡി) കടം വാങ്ങുന്ന ആളും ജാമ്യക്കാരനും കുടിശ്ശികക്കാരോ കോ-ഓപ്പറേറ്റീവ് റിക്കവറി ഉള്ളവരോ ശമ്പളജപ്തി ഉള്ളവരോ ആയിരിക്കാൻ പാടില്ല.

(1993-ൽ അംഗീകരിച്ചത്)

(7) വായ്പകൾ നൽകുന്നതിൽ കടം വാങ്ങുന്നതിന്റെ പേരിലുള്ള ഏതെങ്കിലും നിക്ഷേപങ്ങളുടെ ഉറപ്പിൻമേലുള്ള വായ്പകൾക്ക് മുൻഗണന നൽകാവുന്നതാണ്.

(8) സംഘത്തിൽ നിന്നും നൽകുന്ന വായ്പകൾക്ക് ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക് ഈടാക്കുന്നതിനേക്കാൾ 2 ശതമാനം പലിശ കൂടുതൽ ഈടാക്കുന്നതാണ്.

(9) വായ്പത്തുക നിശ്ചിത കാലാവധിക്കുള്ളിൽ പ്രതിമാസത്തവണകളായി തവണതീയതിയിൽ വരാവുന്ന പലിശസഹിതം അടച്ചുതീർക്കേണ്ടതാണ്. ഒന്നാമത്തെ മാസം കണക്കാക്കുന്നത് കടം കൊടുത്ത തീയതി മുതൽ അടുത്തമാസം ആ തീയതി വരെയുള്ള കാലത്തേയ്ക്കായിരിക്കും. ഒരു മാസത്തിന്റെ അംശം 15 ദിവസത്തിൽ കവിഞ്ഞാൽ അതൊരു പൂർണ്ണ മാസമായും അതിൽ കുറഞ്ഞാൽ അർദ്ധമാസമായും കണക്കാക്കുന്നതാണ്.

(10) ഓരോ വായ്പയും തിരിച്ചടയ്ക്കുന്നതിനുള്ള കാലാവധി ആ വായ്പയുടെ ഉദ്ദേശം കണക്കിലെടുത്തുകൊണ്ട് തീരുമാനിക്കേണ്ടതാണ്. സാധാരണ ഗതിയിൽ അപ്രകാരമുള്ള കാലാവധി പരമാവധി 100* മാസം വരെ ആയിരിക്കുന്നതാണ്. വായ്പ നൽകുമ്പോൾ കേരള സഹകരണ സംഘം ആക്ടിലെ വകുപ്പ് 37 ഉപവകുപ്പ് 1-ും, 2-ും അനുസരിച്ചുള്ള കരാറുപത്രം കൂടി വാങ്ങേണ്ടതാണ്.

(2002-ൽ അംഗീകരിച്ചത്)

(11) ഒരംഗമോ അംഗമായിരുന്ന ഒരാളോ സംഘത്തിലേക്കടച്ചു തീർത്തിട്ടുള്ള ഓഹരിത്തുകയും നിക്ഷേപവും മറ്റേതെങ്കിലും സംഖ്യയും അയാളിൽനിന്നും സംഘത്തിലേയ്ക്കു ഈടാക്കാനുള്ള ഏതെങ്കിലും തുകയെ സംബന്ധിച്ചിടത്തോളം പ്രഥമ ബാദ്ധ്യതയ്ക്ക് വിധേയമായിരിക്കുന്നതാണ്. അപ്രകാരമുള്ള ആൾ അടച്ചിട്ടുള്ള ഓഹരിത്തുകയോ നിക്ഷേപസംഖ്യയോ മറ്റു പ്രകാരമുള്ള സംഖ്യയോ പൂർണ്ണമായോ ഭാഗികമായോ അയാളിൽനിന്നും സംഘത്തിന് ഈടാക്കാനുള്ള തുകയ്ക്കെതിരായി തട്ടിക്കഴിക്കുന്നതിനു സംഘത്തിന് സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്.

(12) സംഘത്തിലേക്കു പണമടയ്ക്കാനുള്ള ഒരംഗം ഏതെങ്കിലും

തുക അടയ്ക്കുമ്പോൾ അത് താഴെ പറയുന്ന ക്രമത്തിൽ കണക്കിൽ കൊള്ളിക്കേണ്ടതാണ്.

(1) അയാളിൽ നിന്നും ഈടാക്കാനുള്ള ഫീസ്, തപാൽ ചെലവ്, രജിസ്ട്രേഷൻ ചെലവ്, മറ്റു പലവക ചെലവുകളിലേയ്ക്ക്.

(2) അയാൾ അടയ്ക്കേണ്ട പലിശ വകയ്ക്ക്

(3) മുതലിലേയ്ക്ക്

(4) ഓഹരികളിലേയ്ക്ക്

(13) ഒരു ജാമ്യക്കാരൻ മരിച്ചു പോകുകയോ, അംഗമല്ലാതായിത്തീരുകയോ ചെയ്യുന്നപക്ഷം വായ്പക്കാരൻ ആ വിവരം സെക്രട്ടറിയെ അറിയിക്കേണ്ടതും കമ്മിറ്റിക്കു സമ്മതമുള്ള ഒന്നോ അതിലധികമോ പുതിയ ജാമ്യക്കാരോടൊപ്പം ഒരു പുതിയ പ്രമാണം എഴുതിപ്പിടിപ്പിക്കേണ്ടതുമാണ്.

(14) ഒരംഗം തന്റെ കാഷ്ലോൺ ഹയർ പർച്ചേസ് ലോൺ എന്നിവയിൽ തവണകൾ ഒരിക്കൽപ്പോലും വീഴ്ച വരുത്താതെ യഥാകാലം അടച്ചുതീർക്കുകയാണെങ്കിൽ വായ്പ കണക്കു തീർക്കുന്ന അവസരത്തിൽ പ്രസ്തുത വായ് പയുടെ പലിശനിരക്കിൽ 2% പ്രോത്സാഹന ബോണസായി ഇളവ് അനുവദിക്കാവുന്നതാണ്. എന്നാൽ ബാങ്ക് ലോണിനു അതിന്റെ പലിശ നിരക്കിൽ 1% ആയിരിക്കും പ്രോത്സാഹന ബോണസായി ഇളവ് അനുവദിക്കാവുന്നത്.

(1993–ൽ അംഗീകരിച്ചത്)

## വ്യാപാരം

32. കമ്മിറ്റി അതാതവസരത്തിൽ തീരുമാനിക്കുന്ന പ്രകാരമുള്ളതായ വ്യാപാരം സംഘത്തിനു നടത്തിക്കൊണ്ടു പോകാവുന്നതാണ്. എന്നാൽ രജിസ്ട്രാറുടെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങാതെ യാതൊരു പുതിയ വ്യാപാരവും ഏറ്റെടുക്കുവാൻ പാടില്ലാത്തതാണ്.

33. രജിസ്ട്രാരുടെ അനുവാദത്തിനും അദ്ദേഹം ചുമത്തുന്ന വ്യവസ്ഥകൾക്കും വിധേയമായി ഭരണസമിതിക്ക് സഹകരണസംഘം ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള ഏതെങ്കിലും സഹകരണ സംഘത്തിൽ നിന്നും സംഘത്തിലേയ്ക്ക് നിർദിഷ്ടമായ ചരക്കുകൾ വാങ്ങുന്നതിനോ വിൽക്കുന്നതിനോ സെക്രട്ടറിയെ അധികാരപ്പെടുത്താവുന്നതാണ്.

(എ) സ്റ്റോക്ക് വിറ്റഴിക്കുന്ന സന്ദർഭങ്ങളൊഴിച്ച് സാധാരണയായി സാധനങ്ങൾ ഉപഭോക്താക്കൾക്കു മാത്രമേ വിൽ പ്പന നടത്താവൂ. പഴയതും കേടു വന്നതുമായ സ്റ്റോക്ക് വിറ്റഴിക്കുന്ന സന്ദർഭങ്ങളൊഴിച്ച് വാങ്ങുന്ന ആൾ സാധനങ്ങൾ രണ്ടാമതു വിൽപ്പന നടത്തുന്നതിന് സഹായിക്കുന്ന രീതിയിൽ വിൽപ്പന നടത്താൻ പാടുള്ളതല്ല.

(ബി) എല്ലാ വിൽപ്പന ഇടപാടുകളും കർശനമായും രൊക്കവിലയ്ക്കു മ...ാമേ നടത്താവൂ.

(സി) രജിസ്ട്രാർ അംഗീകരിക്കുന്ന ഉപ നിബന്ധനകൾക്ക് വിധേയമായി അംഗങ്ങൾക്ക് കടമായും വിൽപ്പന നടത്താവുന്നതാണ്. എന്നാൽ അപ്രകാരം വിൽപ്പന നടത്തുമ്പോൾ കടമായി വിൽക്കുന്ന സാധനങ്ങളുടെ വില അത് വാങ്ങുന്ന അംഗത്തിന്റെ ഒരു മാസത്തെ ശമ്പളത്തിന്റെ 50% ത്തിൽ അധികരിക്കുവാൻ പാടുള്ളതല്ല.

34. മൂന്നു മാസത്തിലൊരിക്കൽ സ്റ്റോക്ക് തിട്ടപ്പെടുത്തേണ്ടതും കമ്മിറ്റി കൂടി ആവശ്യമായ 'ചേതം' (depreciation) അനുവദിക്കേണ്ടതുമാകുന്നു.

## ലാഭം

35. രജിസ്ട്രാർ വർഷാവർഷം പ്രഖ്യാപിക്കുന്ന തരത്തിലുള്ള സംഘത്തിന്റെ അറ്റാദായം സംഘം പൊതുയോഗം താഴെ പറയുന്ന വിധം വിനിയോഗിക്കേണ്ടതാണ്.

(1) 15% കരുതൽ ധനത്തിലേയ്ക്കും 5% (പരമാവധി 4,000/- രൂപ) സഹകരണവിദ്യാഭ്യാസഫണ്ടിലേയ്ക്കും മുതൽ കൂട്ടേണ്ടതാണ്).

No. O/3983/2008 (2008-ൽ അംഗീകരിച്ചത്)

(2) നീക്കം ചെയ്തു (1990-ൽ അംഗീകരിച്ചത്)

(3) വർഷം പ്രതി പത്ത് ശതമാനം നിരക്കിൽ കവിയാത്ത ഒരു ഡിവിഡന്റ് (ലാഭവീതം) അംഗങ്ങളുടെ പേരിലുള്ള പൂർണ്ണമായി അടച്ചുതീർത്ത ഓഹരി മൂലധനത്തിൻമേൽ നൽകാവുന്നതാണ്.

(4) കമ്മിറ്റിയുടെ ശുപാർശയിന്മേൽ പൊതുയോഗം നിശ്ചയിക്കുന്ന നിരക്കിൽ ഒരു ബോണസ് അംഗങ്ങൾ തന്നാണ്ടിൽ സംഘത്തിൽ നിന്നും വാങ്ങിയിട്ടുള്ള സാധനങ്ങളുടെ മൊത്ത വിലയുടെ അടിസ്ഥാനത്തിൽ അവർക്കായി വിതരണം ചെയ്യാവുന്നതാണ്.

(5) ബാക്കി വരുന്ന തുക കമ്മിറ്റിയുടെ ശുപാർശയിന്മേൽ പൊതുയോഗം നിശ്ചയിക്കുന്ന നിരക്കിൽ പൊതുനന്മഫണ്ട് (General Welfare Fund), കെട്ടിടഫണ്ട് (Building Fund) ഇവയിൽ മുതൽകൂട്ടേണ്ടതാണ്.

No. O/3983/2008 (2008-ൽ അംഗീകരിച്ചത്)

## കരുതൽധനം

36. (എ) കരുതൽധനം സംഘത്തിനു പൊതുവായുള്ളതും നിനച്ചിരിക്കാതെയുള്ള നഷ്ടങ്ങൾ നേരിടുന്നതിനായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതുമാകുന്നു. യാതൊരു മെമ്പർക്കും അതിന്റെ പങ്ക് അവകാശപ്പെടാവുന്നതല്ല.

അത് രജിസ്ട്രാർ നിർദ്ദേശിക്കുന്ന പ്രകാരം നിക്ഷേപിക്കേണ്ടതും അദ്ദേഹത്തിന്റെ അനുവാദം കൂടാതെ പിൻവലിക്കാൻ പാടില്ലാത്തതുമാകുന്നു.

(ബി) സംഘം പിരിച്ചുവിടുമ്പോൾ കരുതൽധനവും ഈ ഉപചട്ടങ്ങൾ പ്രകാരം സംഘം സ്വരൂപിച്ചിട്ടുള്ള മറ്റു ഫണ്ടുകളും താഴെ പറയുംപ്രകാരം വിനിയോഗിക്കേണ്ടതാണ്.

(1) സംഘാംഗങ്ങളിൽ ഓരോരുത്തരുടെയും ബാദ്ധ്യത ഈടാക്കിയതിനുശേഷം സംഘത്തിനു ശേഷിക്കുന്ന ബാദ്ധ്യതകൾ കൊടുത്തു തീർക്കുന്നതിന്.

(2) അടച്ചിട്ടുള്ള ഓഹരി മൂലധനം തിരിച്ചുകൊടുക്കുന്നതിന്.

(3) മേൽപ്പറഞ്ഞപ്രകാരമുള്ള മൂലധനത്തിൻമേൽ ഡിവിഡന്റു കൊടുക്കിതിരിക്കുന്ന ഏതെങ്കിലും കാലത്തേക്കോ പത്ത് ശതമാനത്തിൽ കവിയാതെ ഡിവിഡന്റു നൽകുന്നതിന്.

(സി) 'ബി' ഉപഖണ്ഡപ്രകാരമുള്ള വിനിയോഗത്തിനു ശേഷം ഈ ഫണ്ടുകളിൽ ശേഷിക്കുന്ന ധനം രജിസ്ട്രാരുടെ അംഗീകാരത്തോടു കൂടി പൊതുയോഗം തീരുമാനിക്കുന്ന പ്രകാരമുള്ള പൊതുപ്രയോജനകരമായ ലക്ഷ്യങ്ങൾക്കു വേണ്ടി വിനിയോഗിക്കേണ്ടതാണ്. സംഘം പിരിഞ്ഞ് മൂന്നു മാസത്തിനകം രജിസ്ട്രാർ അംഗീകരിക്കുന്നതായ അപ്രകാരമുള്ള ഏതെങ്കിലും തീരുമാനം പൊതുയോഗം കൈക്കൊള്ളാത്തപക്ഷം, അപ്രകാരമുള്ള ഫണ്ടു തുക അടുത്തുള്ള സഹകരണസംഘങ്ങളെ സഹായിക്കുന്നതിനു ഉപയോഗിക്കുകയോ അല്ലെങ്കിൽ അതേ പ്രവർത്തനപരിധിയോടുകൂടി ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നതു വരെ ഏതെങ്കിലും സഹകരണ ബാങ്കിൽ പലിശയ്ക്കോ അല്ലാതെയോ ഇടുകയോ ചെയ്യുന്നതിന് രജിസ്ട്രാർക്കു അധികാരമുണ്ടായിരിക്കുന്നതാണ്. മേൽപറഞ്ഞവിധം മറ്റൊരു സഹകരണ സംഘം സ്ഥാപിതമാകുമ്പോൾ ഫണ്ടിനെ ആ സംഘത്തിന്റെ കരുതൽധനത്തിൽ മുതൽ ചേർക്കേണ്ടതുമാകുന്നു.

സംഘത്തിൽ നിന്നും കൊടുക്കേണ്ടതായിട്ടുള്ള ഏതെങ്കിലും തുക നിയമമനുസരിച്ചുള്ള കാലഹരണ തീയതിക്കുള്ളിൽ അവകാശപ്പെടാത്ത പക്ഷം ആയതു കരുതൽ ധനത്തിലേയ്ക്കു ചേർക്കേണ്ടതുമാകുന്നു.

37. ഈ ഉപചട്ടങ്ങളുടെ ഏതെങ്കിലും ഭേദഗതിയോ, വ്യത്യാസപ്പെടുത്തലോ ദുർബലപ്പെടുത്തലോ അല്ലെങ്കിൽ പുതിയ ഉപചട്ടങ്ങളുടെ നിർമ്മാണമോ സംഘാംഗങ്ങളുടെ ഒരു പൊതുയോഗത്തിൽ വച്ചല്ലാതെ പാടില്ലാത്തതും ആയതിനു രജിസ്ട്രാരുടെ അംഗീകാരം സിദ്ധിച്ചതിനു ശേഷം മാത്രം നടപ്പിലാക്കാൻ പാടുള്ളതുമാകുന്നു.

38. ആക്ടിനേയോ അതിൻ പ്രകാരമുള്ള ചട്ടങ്ങളെയോ അല്ലെങ്കിൽ ഏതെങ്കിലും ഉപചട്ടത്തിനേയോ വ്യാഖ്യാനിക്കുന്നതിൽ ഏതെങ്കിലും സംശയം

ഉദ്ഭവിക്കുന്നപക്ഷം കമ്മിറ്റി അതിൻമേൽ രജിസ്ട്രാരുടെ ഉപദേശം തേടേണ്ടതും അദ്ദേഹം നൽകുന്ന ഉപദേശം അനുസരിച്ച് പ്രവർത്തിക്കേണ്ടതും ആകുന്നു.

39. സംഘം വക ഏതെങ്കിലും മുതൽ മോഷണം പോകുകയോ മറ്റു വിധത്തിൽ നഷ്ടപ്പെടുകയോ ചെയ്താൽ അത് തിരിച്ചു കിട്ടാൻ സാധ്യമല്ലെന്ന് ബോധ്യം വരുന്നപക്ഷം, അപ്രകാരമുള്ള തുക രജിസ്ട്രാരുടെ അനുവാദം വാങ്ങിക്കൊണ്ട് കണക്കിൽ കുറവു ചെയ്യാൻ (റൈറ്റ് ഓഫ്) പൊതുയോഗത്തിനു അധികാരമുണ്ടായിരിക്കുന്നതാണ്.

39. (എ) ഓരോ സഹകരണ വർഷത്തിന്റെയും അവസാന ദിവസത്തിലുള്ള പ്രകാരം സംഘത്തിലുള്ള അംഗങ്ങളുടെ പൂർണ്ണ വിലാസത്തോടുകൂടി ഒരു പട്ടിക തയ്യാറാക്കേണ്ടതുമാകുന്നു. ഈ പട്ടിക ആഫീസ് സമയങ്ങളിൽ അംഗങ്ങളുടെ പരിശോധനയ്ക്കായി ആഫീസിൽ ഉണ്ടായിരിക്കേണ്ടതും, അംഗങ്ങൾ ആവശ്യപ്പെടുന്നപക്ഷം അതിന്റെ പകർപ്പുകൾ കമ്മിറ്റി നിശ്ചയിക്കുന്ന ഫീസ് വസൂൽ ചെയ്ത ശേഷം നൽകുന്നതിന് സെക്രട്ടറി ബാദ്ധ്യസ്ഥനായിരിക്കുന്നതുമാകുന്നു.

40. ഓരോ വർഷവും സംഘം, രജിസ്ട്രാർ നിർണയിക്കുന്ന പ്രകാരമുള്ള ഫാറത്തിൽ (എ) ആ വർഷത്തെ വരവുചെലവു കണക്കുകളുടെ ഒരു പട്ടികയും (ബി) ഒരു ലാഭനഷ്ടകണക്കും (സി) ആസ്തി ബാദ്ധ്യതകളുടെ വിവരണവും (ഡി) തന്നാണ്ടവസാനത്തിലുള്ള സ്റ്റോക്കുകളുടെ കണക്കും രജിസ്ട്രാർ നിർണയിക്കാവുന്ന പ്രകാരമുള്ള മറ്റു സ്റ്റേറ്റുമെന്റുകളും തയ്യാറാക്കേണ്ടതാണ്. ഈ സ്റ്റേറ്റുമെന്റുകൾ ജൂൺ കൊണ്ടവസാനിക്കുന്ന സഹകരണ വർഷാന്ത്യത്തിനുശേഷം പതിനഞ്ചു ദിവസത്തിനകം രജിസ്ട്രാർക്ക് അയച്ചിരിക്കേണ്ടതാണ്. രജിസ്ട്രാർ അവ പരിശോധിച്ച് ബോദ്ധ്യപ്പെട്ട് ആഡിറ്റു സർട്ടിഫിക്കറ്റു നൽകിയതിനുശേഷം അദ്ദേഹം നിർദേശിക്കുന്ന പ്രകാരം നിശ്ചിത സ്റ്റേറ്റുമെന്റുകളും മറ്റും പ്രസിദ്ധം ചെയ്യേണ്ടതാണ്.

41. സംഘാംഗങ്ങൾ തമ്മിലാകട്ടെ, മുൻപ് സംഘത്തിലെ അംഗങ്ങളായിരുന്നവർ തമ്മിലാകട്ടെ, ഒരംഗം വഴിയായോ അംഗമായിരുന്ന ആൾ വഴിയായോ അവകാശം പുറപ്പെടുവിക്കുന്നവർ തമ്മിലാകട്ടെ, അംഗമോ മുൻപ് അംഗമായിരുന്ന ആളോ അങ്ങനെ അവകാശപ്പെടുന്ന ആളുകളോ ഇവരും കമ്മിറ്റിയുമായിട്ടാകട്ടെ സംഘത്തിന്റെ കാര്യനിർവ്വഹണത്തെപ്പറ്റി ഒരു തർക്കം ഉൽഭവിക്കുകയാണെങ്കിൽ അതിൽ കക്ഷിയാകുന്ന ഏതൊരാൾക്കും അത് രേഖാമൂലമായി രജിസ്ട്രാരുടെ തീർപ്പിനായി അയക്കാവുന്നതാണ്. രജിസ്ട്രാർക്ക് അങ്ങനെയുള്ള തർക്കം സ്വയം തീരുമാനിക്കുന്നതിനോ അല്ലെങ്കിൽ ഏതെങ്കിലും മദ്ധ്യസ്ഥന്റെയോ മദ്ധ്യസ്ഥൻമാരുടെയോ തീരുമാനത്തിനായി വിടുന്നതിനോ അധികാരമുണ്ടായിരിക്കുന്നതാണ്. ഒന്നിൽ കൂടുതൽ മദ്ധ്യസ്ഥൻമാർ ഉണ്ടായിരിക്കുന്ന പക്ഷം

അവരിൽ ഒരാളെ രജിസ്ട്രാർ തന്നെ നിയമിക്കേണ്ടതും മറ്റോരോരുത്തരേയും തർക്കത്തിൽ കക്ഷിയായിട്ടുള്ളവരിൽ ഓരോരുത്തരും നിയമിക്കേണ്ടതുമാകുന്നു. രജിസ്ട്രാറോ മദ്ധ്യസ്ഥനോ, മദ്ധ്യസ്ഥൻമാരോ കൽപ്പിക്കുന്ന തീർപ്പ് അന്തിമമായിരിക്കുന്നതാണ്.

42. സംഘത്തിന് ഒരു ആഫീസും ശരിയായി മേൽവിലാസം എഴുതിയിട്ടുള്ള ബോർഡും ഒരു പൊതു മുദ്രയും ഉണ്ടായിരിക്കുന്നതാണ്.

(എ) സഹകരണ ആക്ടിന്റെയും അതിൻ കീഴിലുള്ള റൂളുകളുടെയോ നിബന്ധനകളുടെയോ ഒരു പ്രതി സംഘത്തിന്റെ രജിസ്റ്റർ ചെയ്ത ആഫീസിൽ സൂക്ഷിക്കേണ്ടതും, അവ ഫീസ് കൂടാതെ ന്യായമായ സമയങ്ങളിൽ പരിശോധിക്കപ്പെടാൻ അനുവദിക്കേണ്ടതുമാകുന്നു.

(ബി) സംഘത്തിന്റെ വ്യാപാരസംബന്ധമായ ആവശ്യങ്ങൾ ക്കായി ഉപയോഗിക്കുന്ന ഒരു സ്ഥലമോ, പരിസരമോ, അതിന്റെ ഏതെങ്കിലുമൊരു ഭാഗമോ അത്തരം വ്യാപാരത്തിനോ മറ്റു സഹകരണസംരംഭങ്ങൾക്കോ അല്ലാതെ മറ്റൊരു ആവശ്യത്തിന് സംഘം ഉപയോഗിക്കുവാനോ ഉപയോഗിക്കപ്പെടുവാനോ പാടില്ലാത്തതാകുന്നു.

43. ബാങ്കിൽ നിന്നും പണം പിൻവലിക്കുന്നതു സെക്രട്ടറിയുടെയും ഖജാൻജിയുടെയും ഒപ്പോടുകൂടിയായിരിക്കണം.

44. സംഘം ഹെഢാഫീസിൽ 50,00,000/- (അൻപത് ലക്ഷം) രൂപയിലും ബ്രാഞ്ചാഫീസിൽ 20,00,000/- (ഇരുപത് ലക്ഷം) രൂപയിലും കവിഞ്ഞ് ഉണ്ടായിരിക്കാവുന്ന സകല നീക്കിയിരുപ്പുകളും രജിസ്ട്രാർ അംഗീകരിച്ചിട്ടുള്ള ബാങ്കിൽ 24 മണിക്കൂറിനുള്ളിലോ അല്ലെങ്കിൽ അടുത്ത ബാങ്ക് പ്രവർത്തന ദിവസമോ നിക്ഷേപിക്കേണ്ടതാണ്. ഇതിനു വീഴ്ച വരുത്തിയാൽ അപ്രകാരം കൂടുതലുള്ള തുകയിൻമേൽ 18 ശതമാനം പലിശ കണക്കാക്കി അത് കൈവശം വച്ചുകൊണ്ടിരിക്കുന്ന ആളിൽ നിന്നും ഈടാക്കുന്നതും പ്രസ്തുത പണം ദുർവിനിയോഗം ചെയ്തതായി പരിഗണിക്കുന്നതുമാണ്. കൈവശക്കാരൻ ക്രിമിനലായും, സിവിലായും ഉള്ള നടപടിക്ക് വിധേയമാകുന്നതുമായിരിക്കും.

No. O/3983/2008 (2008-ൽ അംഗീകരിച്ചത്)

45 (എ) നിലവിലില്ല

45 (ബി) സംഘാംഗങ്ങളോ അവരുടെ ഭാര്യയോ/ഭർത്താവോ, കുട്ടികളോ മരണപ്പെട്ടാൽ മരണാനന്തര ചടങ്ങിനായി 10,000/- രൂപ വരെ സൗജന്യമായി സംഘത്തിൽ നിന്ന് നൽകാവുന്നതാണ്.

No. O/6074/2010 (2010-ൽ അംഗീകരിച്ചത്)

❋❋❋❋❋❋❋❋

അനുബന്ധം IIa

നമ്പർ ഒ. 606/16

സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ
(ജനറൽ) ആഫീസ്, തിരുവനന്തപുരം,
തീയതി 30-08-2016

ജോയിന്റ് രജിസ്ട്രാർ (ജനറൽ)
തിരുവനന്തപുരം

സെക്രട്ടറി
ഗവൺമെന്റ് സെക്രട്ടറിയേറ്റ് സ്റ്റാഫ് സഹകരണസംഘം
ക്ലിപ്തം നമ്പർ 2620
തിരുവനന്തപുരം- 695 001

സർ,

വിഷയം - ഗവൺമെന്റ് സെക്രട്ടറിയേറ്റ് സ്റ്റാഫ് സഹകരണസംഘം ക്ലിപ്തം നമ്പർ 2620 നിയമാവലി ഭേദഗതി രജിസ്റ്റർ ചെയ്തതു- സംബന്ധിച്ച്.

സൂചന- തിരുവനന്തപുരം (ജനറൽ) അസിസ്റ്റന്റ് രജിസ്ട്രാറുടെ 12-01-2016 -ലെ വി.കെ.യു./3964/2015-ാം നമ്പർ കത്ത്.

2620-ാം നമ്പർ ഗവൺമെന്റ് സെക്രട്ടറിയേറ്റ് സ്റ്റാഫ് സഹകരണ സംഘത്തിന്റെ നിയമാവലി ഭേദഗതി വ്യവസ്ഥ 4, 5(എ), 5(ബി), 7(എ), 13(സി), 13(ഡി)1, 13(എച്ച്), 15, 16, 21, 31(3)(X)എ, 31(6)(എ), 31(6)(ബി)(VI), 31(6)(സി), 35(1), 44, 46 ഭേദഗതി ചെയ്ത് രജിസ്റ്റർ ചെയ്ത് ഭേദഗതിയും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ഇതോടൊപ്പം ഉൾക്കൊള്ളിച്ചിരിക്കുന്നു. വ്യവസ്ഥ 31(14) നിയമാനുസൃതം അല്ലാത്തതിനാൽ നിരസിച്ചു. വ്യവസ്ഥ 31(6)എ, 31(6)ബി, 31(6)സി, 44, 46 എന്നിവയിൽ നിയമാനുസൃത തിരുത്തൽ വരുത്തിയിട്ടുണ്ട്.

താങ്കളുടെ വിശ്വസ്തൻ

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ)
തിരുവനന്തപുരം

പകർപ്പ്:

സഹകരണ സംഘം രജിസ്ട്രാർ (ഉപരിപത്രം സഹിതം)
അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) തിരുവനന്തപുരം
ജനറൽ മാനേജർ, ജില്ലാസഹകരണ ബാങ്ക്, തിരുവനന്തപുരം
ഭേദഗതി രജിസ്റ്ററിലേക്ക്

**ആജ്ഞാനുസരണം**

ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)

സെക്ഷൻ ആഫീസർ

## CERTIFICATE OF REGISTRATION OF AMENDMENT OF BYELAW NO. 138 / 16

No. O. 606 / 16

I do here by certify that the amendment to the byelaw Nos. 4, 5(A), 5(B), 7(A), 13(C), 13(D)1, 13(H), 15, 16, 21, 31(3)(X)A, 31(6)A, 31(6)B, 31(6)B(VI), 31(6)(C), 35(1), 44, 46 of the Governmement Secretariat Staff Co-operative Society Ltd. No. 2620 has been registered by me under clause 2 section 12 of the Kerala Co-operative Societies Act 21 of 1969. The amended bye-laws as registered by me are appended to this certificate.

DATE OF REGISTRATION : 30/08 /2016

Sd/-

JOINT REGISTRAR OF CO-OPERATIVE SOCIETIES
(GENERAL), THIRUVANANTHAPURAM

*Office of the Joint Registrar of*
*Co-operative Societies (General)*
*Thiruvananthapuram*

*Approved for Issue*

*Date: 30-08-2016*

Deputy Registrar (Administration)

അനുബന്ധം II c



# ഗവൺമെന്റ് സെക്രട്ടറിയേറ്റ് സ്റ്റാഫ് സഹകരണ സംഘം
## ക്ലിപ്തം നമ്പർ 2620

## ബൈലാ ഭേദഗതി

വ്യവസ്ഥ

4 സംഘത്തിന്റെ മൂലധനം ഓഹരി ഒന്നിന് 10 രൂപ വീതമുള്ള 60 ലക്ഷം ഓഹരികളുടെ മൂല്യമായ ആറു കോടി രൂപയായിരിക്കും. ഓരോ ഓഹരിയുടെയും വില ഓഹരിക്കുള്ള അപേക്ഷയോടുകൂടി ഒന്നായി അടച്ചിരിക്കേണ്ടതാണ്.

5(എ) സെക്രട്ടറിയേറ്റിൽ നിന്നും പെൻഷൻപറ്റി പിരിഞ്ഞുപോകുന്ന സംഘാംഗങ്ങൾക്ക് അംഗത്വം നഷ്ടമാകുമെങ്കിലും മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി സംഘത്തിൽ നോമിനൽ അംഗമാകാവുന്നതാണ്. നോമിനൽ അംഗം (ബി ക്ലാസ് അംഗം) ആകുന്നതിന് 50 രൂപ (അൻപത് രൂപ) യുടെ ബി ക്ലാസ് ഓഹരി എടുക്കേണ്ടതാണ്. നോമിനൽ അംഗത്തിന് സംഘത്തിൽ സ്വർണ്ണപണയം വയ്ക്കുക, ചിട്ടിയിൽ ചേരുക, സ്ഥിരാംഗങ്ങളോടു ചേർന്ന് പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുക, വിവിധയിനം നിക്ഷേപങ്ങളിൽ ചേരുക എന്നീ അവകാശങ്ങളല്ലാതെ വോട്ടവകാശമുൾപ്പെടെ സ്ഥിരാംഗത്തിന് അർഹതപ്പെട്ട അവകാശാധികാരങ്ങളൊന്നും തന്നെ ഉണ്ടായിരിക്കുന്നതല്ല.

5(ബി) തിരുവനന്തപുരം ജില്ലയിൽ സ്ഥിരതാമസക്കാരായിട്ടുള്ള ഏതൊരാളിനും സംഘത്തിൽ സി ക്ലാസ്സ് അംഗം ആകാവുന്നതാണ്. സി ക്ലാസ്സ് ഓഹരി വില അൻപത് രൂപയായിരിക്കും. സി ക്ലാസ്സ് അംഗത്തിന് ചിട്ടി/എം.ഡി. എസ്സിൽ ചേരുക, വിവിധയിനം നിക്ഷേപങ്ങളിൽ ചേരുക എന്നീ അവകാശങ്ങളല്ലാതെ വോട്ടവകാശമുൾപ്പെടെ സ്ഥിരാംഗത്തിന് അർഹതപ്പെട്ട അവകാശാധികാരങ്ങളൊന്നും തന്നെ ഉണ്ടായിരിക്കുന്നതല്ല.

സെക്ഷൻ ഓഫീസർ

7(എ) ഒരംഗം 5000 ഓഹരികളിൽ കൂടുതൽ എടുക്കാൻ പാടില്ലാത്തതാകുന്നു. മറ്റൊരു സഹകരണസംഘത്തിനോ ഗവൺമെന്റിനോ നൽകുന്ന ഓഹരികൾക്ക് മേൽപ്പറഞ്ഞ പരിധി ബാധകമായിരിക്കുന്നതല്ല. ക്രമനമ്പർ വ്യക്തമായി കാണിക്കുന്ന ഓഹരി സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്.

13(സി) ഏതൊരാൾക്കും, സംഘടനയ്ക്കും, സ്ഥാപനത്തിനും സംഘത്തിൽ ഒരു സേവിംഗ്സ് ഡിപ്പോസിറ്റ് അക്കൗണ്ട് തുടങ്ങാവുന്നതാണ്. ചുരുങ്ങിയത് 100 രൂപയെങ്കിലും ഏതു സമയത്തും ബാക്കിയുണ്ടായിരിക്കേണ്ടതും ഡിപ്പോസിറ്റിന്മേൽ പ്രതിവർഷം 5 ശതമാനം പലിശ നൽകാവുന്നതും അങ്ങനെയുള്ള പലിശ എല്ലാമാസവും 30-ാം തീയതി ബാക്കി നിൽപ്പുള്ള ആ മാസത്തെ ഏറ്റവും ചുരുങ്ങിയ തുകയിൻമേൽ കണക്കാക്കാവുന്നതാണ്., ഓരോ നിക്ഷേപകനും സംഘത്തിൽ നിന്നും ഒരു പാസ്ബുക്ക് നൽകുന്നതും അത് നഷ്ടപ്പെട്ടാൽ നിക്ഷേപകന്റെ അപേക്ഷപ്രകാരം 50 രൂപ പിഴ ഈടാക്കിക്കൊണ്ട് പുതിയ പാസ്ബുക്ക് നൽകാവുന്നതുമാണ്.

13(ഡി)(1) 500 രൂപയുടെ ഒരു യൂണിറ്റ് എന്ന നിരക്കിൽ പണമടയ്ക്കുന്ന ഏതൊരംഗത്തിനും ഈ സ്കീമിൽ ചേരാവുന്നതാണ്. ഏതൊരംഗത്തിനും പരമാവധി ഇരുപതിൽ കവിയാത്ത എണ്ണം യൂണിറ്റുകളിൽ ചേരാവുന്നതാണ്.

13(എച്ച്) സംഘം ജീവനക്കാർക്ക് റിക്കറിംഗ് ഡിപ്പോസിറ്റ് ആരംഭിക്കാവുന്നതും അവരുടെ റിക്കറിംഗ് ഡിപ്പോസിറ്റിന്റെ ഉറപ്പിൻമേൽ സബ്റൂളിന് വിധേയമായി 1,00,000 രൂപവരെ ഓവർഡ്രാഫ്റ്റ് അനുവദിക്കാവുന്നതുമാണ്.

15 12 ഉം 13 ഉം ഉപചട്ടങ്ങൾ പ്രകാരം സംഘത്തിന് വാങ്ങാവുന്ന വായ്പകളുടെ മൊത്തം തുക ആ സമയം അടച്ചുതീർന്നിട്ടുള്ള ഓഹരിമൂലധനത്തിന്റെയും കരുതൽ ധനത്തിന്റെയും 100 ഇരട്ടിയിൽ കവിയാൻ പാടില്ലാത്തതാകുന്നു. അംഗീകൃത ബാങ്കുകളിൽ നിന്നോ ജില്ലാ സഹകരണബാങ്കിൽ നിന്നോ പണം കടം വാങ്ങുന്നതിന് ഭരണസമിതിക്ക് അധികാരമുണ്ടായിരിക്കും.

സെക്ഷൻ ഓഫീസർ

16 കാലാകാലങ്ങളിൽ പൊതുയോഗത്താൽ തെരഞ്ഞെടുക്കപ്പെട്ട 13 (പതിമൂന്ന്) പേരിൽ അധികരിക്കാത്ത ഒരു മാനേജിംഗ് കമ്മിറ്റിയിൽ മൂന്ന് സീറ്റ് വനിതകൾക്കും ഒരു സീറ്റ് പട്ടികജാതി/പട്ടികവർഗ്ഗ പ്രതിനിധിയ്ക്കും ഒരു സീറ്റ് സംഘത്തിൽ 10,000/- രൂപയിൽ കുറയാത്ത നിക്ഷേപമുള്ള വ്യക്തി അംഗത്തിനും വേണ്ടി സംവരണം ചെയ്തിരിക്കുന്നു. കമ്മിറ്റി അവരിൽനിന്നും ഒരു പ്രസിഡന്റിനെയും ഒരു വൈസ് പ്രസിഡന്റിനെയും ഒരു സെക്രട്ടറിയെയും ഒരു ട്രഷററെയും തിരഞ്ഞെടുക്കേണ്ടതാണ്.

21 കമ്മിറ്റിക്ക് സംഘം കാര്യങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിന് ആവശ്യമെന്ന് തോന്നുന്ന ജീവനക്കാരെ നിയമിക്കാവുന്നതും നിശ്ചിത തോതനുസരിച്ചുള്ള ശമ്പളചെലവും പൊതുയോഗം അംഗീകരിക്കുന്ന ബഡ്ജറ്റ് സംഖ്യയിൽ നിയന്ത്രിതമായ മറ്റു ചെലവുകളും നിർവഹിക്കാവുന്നതുമാകുന്നു. സെക്രട്ടറിക്ക് പ്രതിമാസം 10,000/- രൂപയിൽ കവിയാതെയുള്ള ചില്ലറ ചെലവുകൾ ചെയ്യുവാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

JOINT REGISTRAR OF CO-OPERATIVE SOCIETIES * THIRUVANANTHAPURAM *

31(3)(X)(എ)

ഒരംഗത്തിന് പരമാവധി നൽകാവുന്ന വായ്പ 4,00,000/- (നാല് ലക്ഷം) രൂപയായിരിക്കും.

31(6)(എ)

യാതൊരംഗവും അയാളുടെ അടിസ്ഥാന ശമ്പളത്തിന്റെ 350 ഇരട്ടിയോ 40 ലക്ഷം രൂപയോ ഏതാണ് കുറവെന്നു വച്ചാൽ ആ തുകയിൽ കവിഞ്ഞ് വായ്പ എടുക്കുന്ന വകയിലും വായ്പയ്ക്ക് ജാമ്യം നിന്ന വകയിലും കൂടി കടപ്പെടുത്തുവാൻ പാടില്ല. ഇത് സംബന്ധിച്ച ഉപനിബന്ധനകൾ തയ്യാറാക്കി ജോയിന്റ് രജിസ്ട്രാറുടെ അംഗീകാരം വാങ്ങേണ്ടതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം II f

7

31(6)(ബി)

കാഷ്ലോൺ / കണ്ടിജൻസി ലോൺ / ഹയർ പർച്ചേസ് ലോൺ / സൊസൈറ്റി ലോൺ / ബാങ്ക് ലോൺ എന്നീ ഇനങ്ങളിലായി ഒരംഗം പരമാവധി 40,00,000/- രൂപയിൽ കവിഞ്ഞ് കടം വാങ്ങാൻ പാടില്ല. എന്നാൽ മേൽപ്പറഞ്ഞ വായ്പകളുടെ സ്വഭാവം അനുസരിച്ച് ഓരോ ഇനത്തിന്റെയും പരിധിയും കാലാവധിയും പലിശയും അതാതുകാലത്തുള്ള ഭരണസമിതി നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്. വായ്പകൾ തിരിച്ചടയ്ക്കാനുള്ള പരമാവധി കാലാവധി 120 മാസമായിരിക്കും. ഇതു സംബന്ധിച്ച ഉപനിബന്ധനകൾ തയ്യാറാക്കി ജോയിന്റ് രജിസ്ട്രാറുടെ അംഗീകാരം വാങ്ങേണ്ടതാണ്.

31(6)(ബി)(VI)

കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി സംഘാംഗങ്ങളുടെയോ അവരുടെ മക്കളുടെയോ വിവാഹ ആവശ്യങ്ങൾക്കായ് 4,00,000/- (നാല് ലക്ഷം) രൂപവരെ മാര്യേജ് ലോൺ അനുവദിയ്ക്കാവുന്നതാണ്.

31(6)(സി)

ഒരംഗം പ്രതിമാസ നിക്ഷേപ പദ്ധതി പ്രകാരം പണംപറ്റിയ വകയിലും പ്രതിമാസ നിക്ഷേപ പദ്ധതിക്ക് ജാമ്യം നിന്ന വകയിലും മറ്റുമായി മൊത്തം കടപ്പെടുത്താവുന്ന തുക അടിസ്ഥാന ശമ്പളത്തിന്റെ 200 ഇരട്ടിയോ 20,00,000/- രൂപയോ ഏതാണ് കുറവെന്നു വച്ചാൽ അതായിരിക്കും.

35 (1) 15% കരുതൽ ധനത്തിലേയ്ക്കും 5% (പരമാവധി 60,000/- രൂപ) സഹകരണ വിദ്യാഭ്യാസഫണ്ടിലേയ്ക്കും മുതൽ കൂട്ടേണ്ടതാണ്).

44 സംഘം ഹെഡ്ഡാഫീസിൽ 80,00,000/- (എൻപത് ലക്ഷം) രൂപയിലും ബ്രാഞ്ചാഫീസിൽ 30,00,000/- ( മുപ്പത് ലക്ഷം) രൂപയിലും കവിഞ്ഞ് ഉണ്ടായിരിക്കാവുന്ന സകല നീക്കിയിരുപ്പുകളും രജിസ്ട്രാർ അംഗീകരിച്ചിട്ടുള്ള ബാങ്കിൽ 24 മണിക്കൂറിനുള്ളിലോ അല്ലെങ്കിൽ അടുത്ത

JOINT REGISTRAR OF CO-OPERATIVE SOCIETIES * THIRUVANANTHAPURAM *

സെക്ഷൻ ഓഫീസർ.

അനുബന്ധം - II(9)

ബാങ്ക് പ്രവർത്തന ദിവസമോ നിക്ഷേപിക്കേണ്ടതാണ്. ഇതിനുവീഴ്ച വരുത്തിയാൽ അപ്രകാരം കൂടുതലുള്ള തുകയിൻമേൽ 18 ശതമാനം പലിശ കണക്കാക്കി അത് കൈവശം വച്ചുകൊണ്ടിരിക്കുന്ന ആളിൽ നിന്നും ഈടാക്കുന്നതും പ്രസ്തുത പണം ദുർവിനിയോഗം ചെയ്തതായി പരിഗണിക്കുന്നതുമാണ്. കൈവശക്കാരൻ ക്രിമിനലായും, സിവിലായും ഉള്ള നടപടിക്ക് വിധേയമാകുന്നതുമായിരിക്കും.

46 സംഘം ജീവനക്കാർക്ക് വാഹനവായ്പ 3,00,000/- രൂപ, വിവാഹവായ്പ 2,00,000/- രൂപ, ഗൃഹനിർമ്മാണ വായ്പ 15,00,000/- രൂപ എന്നിങ്ങനെ പരമാവധി 20,00,000/- രൂപ വരെ അനുവദിക്കുന്നതാണ്.

JOINT REGISTRAR OF CO-OPERATIVE SOCIETIES * THIRUVANANTHAPURAM *

ഒപ്പ്
ജോയിന്റ് രജിസ്ട്രാർ (ജനറൽ)
തിരുവനന്തപുരം

ആജ്ഞാനുസരണം

ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)

സെക്ഷൻ ഓഫീസർ

ഭരണവിഭാഗം III (a)

8

നമ്പർ ഒ.3838/17

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ
(ജനറൽ) ആഫീസ്, തിരുവനന്തപുരം.
തീയതി:26.07.2017

ജോയിന്റ് രജിസ്ട്രാർ (ജനറൽ),
തിരുവനന്തപുരം.

സെക്രട്ടറി,
2620-ാംനമ്പർ ഗവൺമെന്റ് സെക്രട്ടറിയേറ്റ് സ്റ്റാഫ്
സഹകരണ സംഘം ക്ളിപ്തം ,
തിരുവനന്തപുരം.

സർ,

വിഷയം: 2620-ാംനമ്പർ ഗവൺമെന്റ് സെക്രട്ടറിയേറ്റ് സ്റ്റാഫ് സഹകരണ സംഘംക്ളിപ്തം - നിയമാവലി ഭേദഗതി രജിസ്റ്റർ ചെയ്തതു- സംബന്ധിച്ച്.

സൂചന: തിരുവനന്തപുരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) റുടെ 12.04.2017 ലെ വി.കെ.യൂ./1056/17-ാം നമ്പർ കത്ത്.

2620-ാംനമ്പർ ഗവൺമെന്റ് സെക്രട്ടറിയേറ്റ് സ്റ്റാഫ് സഹകരണ സംഘം ക്ളിപ്തത്തി ന്റെ നിയമാവലി ഭേദഗതി വ്യവസ്ഥ 2(ഇ), 31(6)(സി) ഭേദഗതി ചെയ്തും കൂട്ടിച്ചേർത്തും ഭേദഗതി ചെയ്ത് രജിസ്റ്റർ ചെയ്ത് ഭേദഗതിയും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ഇതൊടൊപ്പം ഉൾക്കൊള്ളിച്ചിരിക്കുന്നു.വ്യവസ്ഥകൾ 31(6)(എ), 31(6)(ബി), 31(6)(IX), 46 എന്നിവ നിയമാനുസ്യതമല്ലാത്തതിനാൽ നിരസ്സിച്ചു.

വ്യവസ്ഥകൾ 31(6)(എ), 31(6)(ബി) സർക്കുലർ 6/17 ന് വിരുദ്ധം
വ്യവസ്ഥകൾ 31(6)(IX), 46 സർക്കുലർ 6/17 ൽ മാർഗനിർദ്ദേശമുണ്ട്

താങ്കളുടെ വിശ്വസ്തൻ,

(ഒപ്പ്)

ജോയിന്റ് രജിസ്ട്രാർ (ജനറൽ)
തിരുവനന്തപുരം

പകർപ്പ്:-

1. സഹകരണസംഘം രജിസ്ട്രാർ(ഉപരിപത്രംസഹിതം)
2. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), തിരുവനന്തപുരം.
3. ജനറൽ മാനേജർ, ജില്ല സഹകരണ ബാങ്ക്, തിരുവനന്തപുരം.
4. ഭേദഗതി രജിസ്റ്ററിലേക്ക്

ആജ്ഞാനുസരണം

ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം)

സെക്ഷൻ ഓഫീസർ

അനുബന്ധം - III(b)

൧

# CERTIFICATE OF REGISTRATION OF AMENDMENT OF BYE LAW NO.71/2017

No. O.3838/17

I do here by certify that the amendment to the byelaw Nos.2(E), 31(6)(C) of **The Government Secretariat Staff Co-operative Society Ltd. No.2620** has been registered by me under clause 2 section 12 of the Kerala Co-operative Societies Act 21 of 1969. The amended bye-laws as registered by me are appended to this certificate.

DATE OF REGISTRATION :26.07.2017

Sd/-
JOINT REGISTRAR OF CO-OPERATIVE SOCIETIES
(GENERAL), THIRUVANANTHAPURAM

*Office of the Joint Registrar of*
*Co-operative Societies (General)*

*Thiruvananthapuram*

*Date :**26.07.2017***

***Approved For Issue***

***Deputy Registrar(Administation)***

REGISTRAR OF CO-OPERATIVE SOCIETIES - TRIVANDRUM

സെക്ഷൻ ഓഫീസർ.

## 2620-ാംനമ്പർ ഗവൺമെന്റ് സെക്രട്ടറിയേറ്റ് സ്റ്റാഫ് സഹകരണ സംഘം ക്ളിപ്തം

### ബൈലാഭേദഗതി

2(ഇ)

പ്രൊവിഷൻ, സ്റ്റേഷനറി, ടെക്സ്റ്റൈൽ സ്റ്റോറുകൾ, കാന്റീൻ, പെട്രോൾ പമ്പ്, ഗ്യാസ് ഏജൻസി, ബസ് സർവ്വീസ്, പ്രൊഫഷണൽ വിദ്യാഭാസ സ്ഥാപനങ്ങൾ, ആധുനിക രോഗനിർണ്ണയ ക്ലിനിക്കുകൾ, മെഡിക്കൽസ്റ്റോർ, മുതലായവ രജിസ്ട്രാറുടെ അനുമതിയോടെ സ്ഥാപിച്ച് നടത്തുക.

31(6)(സി)

ഒരംഗം പ്രതിമാസനിക്ഷേപ പദ്ധതി പ്രകാരം പണം പറ്റിയ വകയിലും പ്രതിമാസനിക്ഷേപ പദ്ധതിക്ക് ജാമ്യം നിന്ന വകയിലും മറ്റുമായി മൊത്തം കടപ്പെടാവുന്ന തുക അടിസ്ഥാനശമ്പളത്തിന്റെ 500 ഇരട്ടിയോ 50,00,000 രൂപയോ ഏതാണ് കുറവെന്നു വച്ചാൽ അതായിരിക്കും.

(ഒപ്പ്)

ജോയിന്റ് രജിസ്ട്രാർ (ജനറൽ)
തിരുവനന്തപുരം

ആജ്ഞാനുസരണം

ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം)

സെക്ഷൻ ഓഫീസർ

അനുബന്ധം-IV(a)

നമ്പർ ഒ.3915/18/R.Dis

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ
(ജനറൽ) ആഫീസ്, തിരുവനന്തപുരം.
തീയതി:13.07.2018

ജോയിന്റ് രജിസ്ട്രാർ (ജനറൽ),
തിരുവനന്തപുരം.

സെക്രട്ടറി,
2620-ാംനമ്പർ ഗവൺമെന്റ് സെക്രട്ടറിയേറ്റ് സ്റ്റാഫ്
സഹകരണ സംഘം ക്ളിപ്തം ,
തിരുവനന്തപുരം.

സർ,

വിഷയം: 2620-ാംനമ്പർ ഗവൺമെന്റ് സെക്രട്ടറിയേറ്റ് സ്റ്റാഫ് സഹകരണ സംഘംക്ളിപ്തം - നിയമാവലി ഭേദഗതി രജിസ്റ്റർ ചെയ്തതു- സംബന്ധിച്ച്.

സൂചന: തിരുവനന്തപുരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) റുടെ 16.03.2018 ലെ വി.കെ.യൂ./4008/17-ാം നമ്പർ കത്ത്.

2620-ാംനമ്പർ ഗവൺമെന്റ് സെക്രട്ടറിയേറ്റ് സ്റ്റാഫ് സഹകരണ സംഘം ക്ളിപ്തത്തി ന്റെ നിയമാവലി ഭേദഗതി വ്യവസ്ഥ 2(ഐ), 13(ഡി), 13(ഡി1), 15, 31(3)(X)(എ), 31(6)(ബി),(I), 31(6)(ബി),(II), 31(6)(ബി),(III), 31(6)(ബി),(VI), 31(6)(ബി),(VIII), 35(3), 44, 45(ബി), 47, 47(എ) ഭേദഗതി ചെയ്തും കൂട്ടിച്ചേർത്തും ഭേദഗതി ചെയ്ത് രജിസ്റ്റർ ചെയ്ത് ഭേദഗതിയും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ഇതൊടൊപ്പം ഉൾക്കൊളളിച്ചിരിക്കുന്നു. വ്യവസ്ഥ 31(6)(സി) എന്നിവ നിയമാനുസൃതമല്ലാത്തതിനാൽ നിരസ്സിച്ചു.

വ്യവസ്ഥ31(6)(സി) ഐ.എം.ബി.പി ഇരട്ടിയിൽ അധികമായതിനാൽ

താങ്കളുടെ വിശ്വസ്തൻ,

(ഒപ്പ്)

ജോയിന്റ് രജിസ്ട്രാർ (ജനറൽ)
തിരുവനന്തപുരം

പകർപ്പ്:-

1. സഹകരണസംഘം രജിസ്ട്രാർക്ക്(ഉപരിപത്രംസഹിതം)
2. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), തിരുവനന്തപുരം.
3. ജനറൽ മാനേജർ, ജില്ല സഹകരണ ബാങ്ക്, തിരുവനന്തപുരം.
4. ഭേദഗതി രജിസ്റ്ററിലേക്ക്

ആജ്ഞാനുസരണം

ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം)

സെക്ഷൻ ഓഫീസർ

# CERTIFICATE OF REGISTRATION OF AMENDMENT OF BYE LAW NO.71/2017

No. O.3915/18/R.Dis

I do here by certify that the amendment to the byelaw Nos.2(i), 13(d), 13(d)(1), 15, 31(3)(x)(a), 31(6)(b)(I), 31(6)(b)(II), 31(6)(b)(III), 31(6)(b)(VI), 31(6)(b)(VIII), 35(3), 44, 45(b), 47, 47(a) of **The Government Secretariat Staff Co-operative Society Ltd. No.2620** has been registered by me under clause 2 section 12 of the Kerala Co-operative Societies Act 21 of 1969. The amended bye-laws as registered by me are appended to this certificate.

DATE OF REGISTRATION : 13.07.2018

*Sd/-*

*JOINT REGISTRAR OF CO-OPERATIVE SOCIETIES (GENERAL), THIRUVANANTHAPURAM*

*Office of the Joint Registrar of Co-operative Societies (General)*

*Thiruvananthapuram*

*Date :* ***13.07.2018***

***Approved For Issue***

***Deputy Registrar(Administation)***

അനുബന്ധം IV (c)

## 2620-ാംനമ്പർ ഗവൺമെന്റ് സെക്രട്ടറിയേറ്റ് സ്റ്റാഫ് സഹകരണ സംഘം ക്ളിപ്തം

### ബൈലാഭേദഗതി

2 (ഐ)

മുകളിൽ പറഞ്ഞ വായ്പകൾക്കു പുറമേ ബിരുദനിലവാരത്തിലുള്ള പ്രൊഫഷണൽ കോഴ്സുകളിൽ കുട്ടികളെ പഠിപ്പിക്കുന്നതിന് സംഘാംഗങ്ങൾക്ക് പ്രത്യേക വായ്പയായി പരമാവധി നാല് ലക്ഷം രൂപാ വരെ അനുവദിക്കാവുന്നതാണ്.

13 (ഡി)

സംഘാംഗങ്ങളുടെ പൊതുനന്മയ്ക്കായി സ്വരൂപിക്കാവുന്ന ഫണ്ടാണിത്. ഇതിനെ സംഘത്തിൽ പ്രത്യേക സ്ഥിരനിക്ഷേപമായി സൂക്ഷിക്കേണ്ടതും ആയതിലേക്ക് ആണ്ടിൽ 4 ശതമാനം പലിശ കൂട്ടുന്നതുമാകുന്നു. താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഈ ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

13 (ഡി) (1)

അഞ്ഞൂറ് രൂപയുടെ ഒരു യൂണിറ്റ് എന്ന നിരക്കിൽ പണമടയ്ക്കുന്ന ഏതൊരംഗത്തിനും ഈ സ്കീമിൽ ചേരാവുന്നതാണ്. ഏതൊരംഗത്തിനും പരമാവധി മുപ്പതിൽ കവിയാത്തത്ര എണ്ണം യൂണിറ്റുകളിൽ ചേരാവുന്നതാണ്.

15.

12 ഉം, 13 ഉം ഉപചട്ടങ്ങൾ പ്രകാരം സംഘത്തിന് വാങ്ങാവുന്ന വായ്പകളുടെ മൊത്തം തുക ആ സമയം അടച്ച് തീർന്നിട്ടുള്ള ഓഹരി മൂലധനത്തിന്റെയും കരുതൽ ധനത്തിന്റെയും 150 ഇരട്ടിയിൽ കവിയാൻ പാടില്ലാത്തതാകുന്നു. അംഗീകൃത ബാങ്കുകളിൽ നിന്നോ ജില്ലാ സഹകരണ ബാങ്കിൽ നിന്നോ പണം കടം വാങ്ങാവുന്നതിന് ഭരണസമിതിക്ക് അധികാരമുണ്ടായിരിക്കും.

31 (3) (X) എ

ഒരംഗത്തിന് പരമാവധി നൽകാവുന്ന വായ്പ 7,00,000/- ഏഴ് ലക്ഷം) രൂപയായിരിക്കും

31 (6) ബി (i)

അടിസ്ഥാന ശമ്പളത്തിന്റെ 40 ഇരട്ടിയോ പരമാവധി 1000000/- (പത്ത് ലക്ഷം) രൂപയോ ഏതാണ് കുറവെന്നു വച്ചാൽ അതിൽ കവിഞ്ഞ് കാഷ് കണ്ടിജൻസി ലോൺ അനുവദിക്കാവുന്നതല്ല. ഇത് സംബന്ധിച്ച ഉപനിബന്ധനകൾ തയ്യാറാക്കി ജോയിന്റ് രജിസ്ട്രാറുടെ അംഗീകാരം വാങ്ങേണ്ടതാണ്.

സെക്ഷൻ ഓഫീസർ

31 (6) ബി (ii)

അടിസ്ഥാന ശമ്പളത്തിന്റെ 40 ഇരട്ടിയോ പരമാവധി 400000/- (നാല് ലക്ഷം) രൂപയോ ഏതാണ് കുറവെന്നു വച്ചാൽ അതിൽ കവിഞ്ഞ് ഹയർപർച്ചേയ്സ് ലോൺ അനുവദിക്കാവുന്നതല്ല.

31 (6) ബി (iii)

അടിസ്ഥാന ശമ്പളത്തിന്റെ 100 ഇരട്ടിയോ പരമാവധി 2500000/- (ഇരുപത്തിയഞ്ച് ലക്ഷം) രൂപയോ ഏതാണ് കുറവെന്നു വച്ചാൽ അതിൽ കവിഞ്ഞ് സൊസൈറ്റി / ബാങ്ക് വായ്പ അനുവദിക്കാവുന്നതല്ല.

31 (6) ബി (vi)

കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി സംഘാംഗങ്ങളുടെയോ അവരുടെ മക്കളുടെയോ വിവാഹ ആവശ്യങ്ങൾ ക്കായി 7,00,000/- (ഏഴ് ലക്ഷം) രൂപ വരെ മാര്യേജ്ലോൺ അനുവദിക്കാവുന്നതാണ്

31 (6) ബി (viii)

വാഹനത്തിന്റെ യഥാർത്ഥ വിലയുടെ 80 ശതമാനമോ അടിസ്ഥാന ശമ്പളത്തിന്റെ 100 ഇരട്ടിയോ 15,00,000/- (പതിനഞ്ച് ലക്ഷം) രൂപയോ ഏതാണ് കുറവെന്നു വച്ചാൽ അതിൽ കവിഞ്ഞ് വാഹനവായ്പ അനുവദിയ്ക്കാവുന്നതല്ല.

35 (3)

വർഷം പ്രതി ഇരുപത് ശതമാനം നിരക്കിൽ കവിയാത്ത ഒരു ഡിവിഡന്റ് (ലാഭവിഹിതം) അംഗങ്ങളുടെ പേരിലുള്ള പൂർണ്ണമായി അടച്ചുതീർത്ത ഓഹരി മൂലധനത്തിൻമേൽ നൽകാവുന്നതാണ്.

44.

സംഘം ഹെഡ്ഓഫീസിൽ 1,20,00,000/- (ഒരുകോടി ഇരുപത് ലക്ഷം) രൂപയിലും ബ്രാഞ്ചാഫീസിൽ 60,00,000/- (അറുപത് ലക്ഷം) രൂപയിലും കവിഞ്ഞ് ഉണ്ടായിരിക്കാവുന്ന സകല നീക്കിയിരുപ്പുകളും രജിസ്ട്രാർ അംഗീകരിച്ചിട്ടുള്ള ബങ്കിൽ 24 മണിക്കൂറിനുള്ളിലോ അല്ലെങ്കിൽ അടുത്ത ബാങ്ക് പ്രവർത്തന ദിവസമോ നിക്ഷേപിക്കേണ്ടതാണ്. ഇതിനു വീഴ്ച വരുത്തിയാൽ അപ്രകാരം കൂടുതലുള്ള തുകയിൻമേൽ 18 ശതമാനം പലിശ കണക്കാക്കി അത് കൈവശം വച്ചുകൊണ്ടിരിക്കുന്ന ആളിൽ നിന്നും ഈടാക്കുന്നതും പ്രസ്തുത പണം ദുർവിനിയോഗം ചെയ്തതായി പരിഗണിക്കുന്നതുമാണ്. ടകൈവശക്കാരൻ ക്രിമിനലായും, സിവിലായും ഉള്ള നടപടിക്ക് വിധേയമാകുന്നതുമായിരിക്കും

സെക്ഷൻ ഓഫീസർ

അനുബന്ധം-IV(e)

45.(ബി)

സംഘാംഗങ്ങളോ അവരുടെ ഭാര്യയോ/ ഭർത്താവോ, കുട്ടികളോ മരണപ്പെ
ട്ടാൽ മരണാനന്തര ചടങ്ങിനായി 20000/- (ഇരുപതിനായിരം) രൂപ വരെ
പൊതുനന്മാഫണ്ടിൽ നിന്നും സൗജന്യമായി നൽകാവുന്നതാണ്.

47

സഹകരണസംഘം ജോയിന്റ് രജിസ്ട്രാറിന്റെ അനുമതിയോടെ സംഘ
ത്തിന്റെ പ്രവർത്തന പുരോഗതിക്കായി സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന
തിനുവേണ്ടി വസ്തുവാങ്ങുന്നതിന് ഭരണസമിതിക്ക് അധികാരം ഉണ്ടായിരി
ക്കുന്നതാണ്.

47 (എ)

സംഘത്തിന്റെ പ്രവർത്തന പുരോഗതിക്കായി വസ്തുക്കൾ വാങ്ങുന്ന
തിനും, കെട്ടിടം നിർമ്മിക്കുന്നതിനും, കെട്ടിടം ഉൾപ്പെടെയുള്ള വസ്തു
വാങ്ങുന്നതിനുവേണ്ടിയും, സംസ്ഥാന സഹകരണബാങ്ക്, തിരു.ജില്ലാ സഹ
കരണബാങ്ക് എന്നി ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കുന്ന
തിന് ഭരണസമിതിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

JOINT REGISTRAR OF CO-OPERATIVE SOCIETIES - TRIVANDRUM.

(ഒപ്പ്)

ജോയിന്റ് രജിസ്ട്രാർ (ജനറൽ)
തിരുവനന്തപുരം

ആജ്ഞാനുസരണം

ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം

സെക്ഷൻ ഓഫീസർ

**അനുബന്ധം-V**

ഗവൺമെന്റ് സെക്രട്ടേറിയേറ്റ് സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

നിലവിലെ ഭരണസമിതി അംഗങ്ങൾ (2014-19)

| മണ്ഡലം | ക്രമ നമ്പർ | അംഗ നമ്പർ | ഭരണ സമിതി അംഗത്തിന്റെ പേര് |
|---|---|---|---|
| A. ജനറൽ | 1 | 10613 | മനുലാൽ.ബി.എസ്. |
| | 2 | 7551 | അജയൻ.സി. |
| | 3 | 11615 | അശോകകുമാർ.എ. |
| | 4 | 10809 | പ്രശാന്ത്.ജി.എസ്. |
| | 5 | 7768 | മധുസൂദനൻ നായർ.വി. |
| | 6 | 11711 | ശ്രീകേഷ്.എസ്. |
| | 7 | 8294 | റഫീക്ക്.എസ്. |
| | 8 | 12000 | സുരേഷ് കുമാർ.പി.എസ്. |
| B.10,000/- രൂപയോ കൂടുതലോ നിക്ഷേപ മണ്ഡലം | 9 | 7711 | ഹരിദാസൻ.കെ.കെ. |
| C.വനിത സംവരണ മണ്ഡലം | 10 | 7866 | ശ്രീലത.വി.എസ്. |
| | 11 | 11260 | ഷീല.എം. |
| | 12 | 7973 | ശ്രീലത സുകുമാരൻ.എൻ |
| D.പട്ടിക ജാതി/പട്ടിക വർഗ്ഗ സംവരണ മണ്ഡലം. | 13 | 12452 | ബാബു.കെ. |

ഒപ്പ്
അഡീഷണൽ രജിസ്ട്രാർ(ക്രെഡിറ്റ്),
സഹകരണ സംഘം രജിസ്ട്രാർക്ക് വേണ്ടി

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (സി.പി)

സെക്ഷൻ ഓഫീസർ

**അനുബന്ധം-VI (a)**

## ഗവൺമെന്റ് സെക്രട്ടേറിയേറ്റ് സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

2014-19 കാലഘട്ടത്തിലേയ്ക്ക് നടന്ന സൊസൈറ്റി തിരഞ്ഞെടുപ്പിൽ 26 ജീവനക്കാർ മത്സരിച്ചിരുന്നു. ഇവർക്ക് ഓരോരുത്തർക്കും ലഭിച്ച വോട്ടിന്റെ കണക്കുകൾ

| മണ്ഡലം | ക്രമ നമ്പർ | അംഗ നമ്പർ | സ്ഥാനാർത്ഥിയുടെ പേര് | ലഭിച്ച വോട്ടുകൾ |
|---|---|---|---|---|
| A. ജനറൽ | 1 | 7551 | അജയൻ.സി. | 3416 |
| | 2 | 9046 | അജികുമാർ.വി. | 1301 |
| | 3 | 12121 | അരുൺ കുമാർ.ആർ. | 1340 |
| | 4 | 11615 | അശോകകുമാർ.എ. | 3377 |
| | 5 | 10764 | ജസീർ.എം.എം. | 1280 |
| | 6 | 7768 | മധുസൂദനൻ നായർ.വി. | 3254 |
| | 7 | 10613 | മനുലാൽ.ബി.എസ്. | 3446 |
| | 8 | 9217 | മാത്യു.എ.ജി. | 1240 |
| | 9 | 13128 | നൌഷാദ്.എ. | 1180 |
| | 10 | 10809 | പ്രശാന്ത്.ജി.എസ്. | 3371 |
| | 11 | 8294 | റഫീക്ക്.എസ്. | 3218 |
| | 12 | 9492 | രഞ്ജൻ രാജ്.ആർ.പി. | 1394 |
| | 13 | 10228 | ഷാജി.വി.ജി. | 1157 |
| | 14 | 11711 | ശ്രീകേഷ്.എസ്. | 3239 |
| | 15 | 10390 | ശ്രീനിവാസ്.സി.ഡി. | 1181 |
| | 16 | 12000 | സുരേഷ് കുമാർ.പി.എസ്. | 3188 |
| B.10,000/- രൂപയോ കൂടുതലോ നിക്ഷേപ മണ്ഡലം | 17 | 7711 | ഹരിദാസൻ.കെ.കെ. | 3356 |
| | 18 | 9227 | സാബു.പി.സി. | 1274 |

സെക്ഷൻ ഓഫീസർ

അനുബന്ധം VI(b)

| | | | | |
|---|---|---|---|---|
| C.വനിത സംവരണ മണ്ഡലം | 19 | 6892 | ജയശ്രീ.ടി.കെ. | 1334 |
| | 20 | 9082 | കുമാരി അജിത.പി. | 1392 |
| | 21 | 11260 | ഷീബ.എം. | 3288 |
| | 22 | 7866 | ശ്രീലത.വി.എസ്. | 3398 |
| | 23 | 7973 | ശ്രീലത സുകുമാരൻ.എൻ | 3268 |
| | 24 | 9223 | സുജ.ടി.എസ്. | 1229 |
| D.പട്ടിക ജാതി/പട്ടിക വർഗ്ഗ സംവരണ മണ്ഡലം. | 25 | 13198 | കൃഷ്ണൻ.എൻ. | 1304 |
| | 26 | 12452 | ബാബു.കെ. | 3390 |

ഒപ്പ്

അഡീഷണൽ രജിസ്ട്രാർ(ക്രെഡിറ്റ്),

സഹകരണ സംഘം രജിസ്ട്രാർക്ക് വേണ്ടി

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (സി.പി)

സെക്ഷൻ ഓഫീസർ